# دليل الحاج والمعتمر
# وزائر مسجد الرسول ﷺ

( باللغة المليبارية )

تأليف

**هيئة التوعية الإسلامية في الحج**

ترجمة :

**عبد الرحمن محي الدين**

طبع ونشر
وزارة الشؤون الإسلامية والدعوة والإرشاد
المملكة العربية السعودية

المملكة العربية السعودية
وزارة الشؤون الإسلامية والدعوة والإرشاد
وكالة المطبوعات والبحث العلمي

رؤية VISION 2030

ebook.moia.gov.sa

أكثر من ٣٠٠٠ مادة مقروءة
ومسموعة على ٤٥ لغة

More than 3000 readable .audible,in 45 languages

المكتبة الإلكترونية الإسلامية

Islamic Electronic Library

# ഹംജ്ജ് -ഉംറ – സിയാറത്ത് : ഒരു മാർഗരേഖ

**രചന:**
**ഹജ്ജ് ബോധവൽക്കരണ സമിതി**

വിവർത്തനം

**അബ്ദുറഹ്‌മാൻ മദീനി**

പ്രിന്റിംഗ് & പബ്ലിഷിംഗ്:
ഇസ്‌ലാമിക കാര്യ, പ്രബോധന
വകുപ്പ് മന്ത്രാലയം
സഊദി അറേബ്യ

## ഉള്ളടക്കം

പേജ്:


1. ആമുഖം 4
2. സുപ്രധാന ഉപദേശങ്ങൾ 7
3. ഹജ്ജ്, ഉംറ, മസ്ജിദുന്നബവി സന്ദർശനം എന്നിവ എങ്ങനെ നിർവഹിക്കാം? 16
4. ഉംറയുടെ രീതി 20
5. ഹജ്ജിന്റെ രൂപം 30
6. ഇഹ്റാമിൽ പ്രവേശിച്ചയാൾക്ക് നിർബന്ധമായ കാര്യങ്ങൾ 42
7. മദീനാ സന്ദർശനത്തിന്റെ രൂപം 49
8. ചില ഹാജിമാർ ചെയ്യാറുള്ള അബദ്ധങ്ങൾ 57
9. ഹജ്ജും ഉംറയും നിർവഹിക്കുന്നവർ ശ്രദ്ധിക്കേണ്ട ചില നിർദ്ദേശങ്ങൾ 80
10. തിരഞ്ഞെടുത്ത ചില പ്രാർത്ഥനകൾ 101

## ആമുഖം

ഹജ്ജിന്റെയും ഉംറയുടെയും നിയമങ്ങൾ ചുരുക്കി വിവരിക്കുന്ന ഈ ലഘു മാർഗരേഖ വിശുദ്ധ മക്കയിലേക്ക് ഹജ്ജ് ചെയ്യാൻ വന്ന മാന്യ സഹോദരങ്ങൾക്ക് സമർപിക്കുന്നതിൽ ഹജ്ജ് ബോധവൽക്കരണ സമിതിക്ക് ഏറെ സന്തോഷമുണ്ട്.

ഇഹ-പര വിജയികളുടെ അടയാളമായി അല്ലാഹു പറഞ്ഞത്:

( وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ ) ( العصر : ٣ )

'സത്യം കൊണ്ടും സഹനം കൊണ്ടും പരസ്പരം ഉപദേശിക്കുന്നവർ' എന്നാണ്.

മറെറാരു വചനം നോക്കൂ:

( وَتَعَاوَنُواْ عَلَى الْبرِّ وَالتَّقْوَى وَلاَ تَعَاوَنُواْ عَلَى الإِثْمِ وَالْعُدْوَانِ ) (المائدة : ٢)

'പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ പരസ്പരം സഹായിക്കുക, പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്'

മഹത്തായ ഈ കൽപനകൾ സ്വീ കരിച്ചുകൊണ്ട് ചില സുപ്രധാന ഉപദേശങ്ങൾ ആദ്യമെ ഞങ്ങളെയും പിന്നെ നിങ്ങളേയും ഉണർത്തി കൊണ്ടാണ് ഇത് ആരംഭിക്കുന്നത്.

ഹാജീസഹോദരാ, താങ്കൾ ഹജ്ജിന്റെ കർമ്മങ്ങളിൽ പ്രവേശി ക്കുന്നതിനു മുമ്പായി തന്നെ ഈ ലഘുകൃതി വായിക്കണമെന്ന് ഞങ്ങൾ താത്പര്യപ്പെടുന്നു. പൂർണ ബോധ്യ

ത്തോടെയും സംശയങ്ങളില്ലാതെയും ഈ മഹത്തായ കർമ്മം നിർവ്വഹിക്കാൻ തീർച്ചയായും താങ്കൾക്കിത് ഉപ കാരപ്പെടും, ഇൻശാ അല്ലാഹ്. എല്ലാവർക്കും മഖ്ബൂലും മബ്റൂറുമായ ഹജ്ജും ഉംറയും സൽകർമ്മങ്ങളും നിർവ്വഹിക്കുവാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ

****************

# സുപ്രധാന ഉപദേശങ്ങൾ

പ്രിയരെ, തന്റെ പരിശുദ്ധ ഭവനത്തിൽ വന്ന് ഹജ്ജ് നിർവ്വഹിക്കുവാൻ നിങ്ങളെ അനുഗ്രഹിച്ച അല്ലാഹുവിനെ സ്തുതിക്കുന്നു. അവൻ നമ്മുടെ എല്ലാ സൽകർമ്മങ്ങളും സ്വീകരിച്ച് മഹത്തായ പ്രതിഫലം നൽകട്ടെ എന്ന പ്രത്യാശയോടെ ഈ ഉപദേശങ്ങൾ നിങ്ങളുടെ മുമ്പിൽ സമർപ്പി ക്കുകയാണ്.

1. നിങ്ങൾ അനുഗ്രഹീതമായ ഒരു യാത്രയിലാണെന്നോർക്കുക.

അല്ലാഹുവിനെ മാത്രം ആരാധിക്കു ന്നതിലും അവനോടുള്ള ആത്മാർത്ഥത യിലും അവന്റെ വിളിക്ക് ഉത്തരം

നൽകുന്നതിലും അവന്റെ പ്രതിഫലം ആഗ്രഹിക്കുന്നതിലും അവനെയും അവന്റെ പ്രവാചകനെയും അനുസരിക്കുന്നതിലും അധിഷ്ഠിതമായ പുണ്യ യാത്രയാണിത്.

2. പിശാച് നിങ്ങൾക്കിടയിൽ ഭിന്നിപ്പുകളുണ്ടാക്കുന്നത് സൂക്ഷിക്കുക. ഒരവസരം കാത്തിരിക്കുന്ന ശത്രുവാണവൻ. അതിനാൽ നിങ്ങൾ അല്ലാഹുവിന്റെ പേരിൽ പരസ്പരം സ്നേഹിക്കുകയും കലഹങ്ങളും അധാർമിക പ്രവർത്തനങ്ങളും വർജ്ജിക്കുകയും ചെയ്യുക. നബി (സ) പറഞ്ഞതോർക്കുക:

( لَا يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ )

(بخاري )

'തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന്നും ഇഷ്ടപ്പെടുന്നതുവരെ നിങ്ങളിലൊരാളും തന്നെ വിശ്വാസിയാവുകയില്ല'

3. ദീനീവിഷയങ്ങളിലും ഹജ്ജിന്റെ കാര്യത്തിലും സംശയങ്ങളുണ്ടാകുമ്പോൾ അറിവുള്ളവരോട് ചോദിച്ച് ഉറപ്പ് വരുത്തുക. അല്ലാഹു പറയുന്നു:

( فَاسْأَلُواْ أَهْلَ الذِّكْرِ إِن كُنتُمْ لاَ تَعْلَمُون ) (الأنبياء : ٧ )

'നിങ്ങൾക്കറിയാത്തത് വിവരമുള്ളവരോട് ചോദിക്കുക'. നബി (സ) പറഞ്ഞു:

( مَنْ يُرِدْ اللهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ ) ( البخاري )

'ആർക്കെങ്കിലും അല്ലാഹു നന്മ ഉദ്ദേശിച്ചാൽ അവന്ന് മതബോധം നൽകുകയാണ് ചെയ്യുക'

4. അല്ലാഹു നമ്മുടെ മേൽ ചില കാര്യങ്ങൾ ഫറളാക്കുകയും ചില കാര്യങ്ങൾ സുന്നത്താക്കു കയും ചെയ്തിട്ടുണ്ട്. ഫറളുകൾ നഷ്ടപ്പെടുത്തു ന്നവരിൽ നിന്ന് സുന്നത്തുകൾ അല്ലാഹു സ്വീകരിക്കില്ല. ഈ യാഥാർത്ഥ്യം ചില തീർത്ഥാട കർ ശ്രദ്ധിക്കാതെ പോകുന്നു. അതുകൊണ്ടാണ് അവർ ഹജറുൽ അസ്വദ് ചുംമ്പിക്കാനോ ത്വവാഫിന്റെ വേളയിൽ 'റംല്' നടത്തത്തിനൊ ഇബ്രാഹീം മഖാമിന്റെ നേരെ പുറകിൽ നമസ്കരി ക്കാനൊ 'സംസം' വെള്ളം കുടിക്കാനൊ വേണ്ടിയെല്ലാം തിക്കും

തിരക്കുമുണ്ടാക്കി വിശ്വാസികളായ സഹോദരീ സഹോദരന്മാരെ വിഷമിപ്പിക്കുന്നത്. വിശ്വാസികളെ ദ്രോഹിക്കുന്നതാകട്ടെ നിഷിദ്ധമായതാണ്. അപ്പോൾ ഒരു സുന്നത്തെടുക്കാൻ നാം എങ്ങനെ ഹറാം ചെയ്യും?! അതിനാൽ മററുള്ളവർക്ക് ഉപദ്രവമുണ്ടാക്കുന്നത് ഒഴിവാക്കുക. അല്ലാഹു നിങ്ങൾക്ക് വമ്പിച്ച പ്രതിഫലം നൽകും.

അൽപം കൂടി വിശദമാക്കാം:

a) സ്ത്രീകളുടെ അരികിലോ പിന്നിലോ നിന്ന് ഒരു കാരണവശാലും പരുഷന്മാർ നമസ്കരിക്കരുത്, അത് മസ്ജിദുൽ ഹറാമിലായാലും അല്ലെങ്കിലും കഴിയുന്നത്ര ഒഴിവാക്കേണ്ടതാണ്. സ്ത്രീകൾ പുരുഷന്മാരുടെ പുറകിലാണ് നമസ്കരിക്കേണ്ടത്.

b) ഹറമിന്റെ കവാടങ്ങളിലും നടവഴികളിലും നമസ്കരിക്കുന്നതിലൂടെ വഴിനടക്കുന്നവർക്ക് തടസ്സവും പ്രയാസവുമുണ്ടാക്കുന്നു, അതിനാൽ അത് ഒഴിവാക്കേണ്ടതാണ്.

c) തിരക്കുള്ള സമയങ്ങളിൽ കഅ്ബയുടെ ചുററുമുള്ള സ്ഥലത്ത് ഇരിക്കുകയോ നമസ്കരിക്കുകയോ ഹജറുൽ അസ്‌വദിന്റെയോ മഖാമു ഇബ്രാഹീമിന്റെയോ സമീപം നിൽക്കുകയോ ചെയ്തുകൊണ്ട് ത്വവാഫ് ചെയ്യുന്നവരെ മുടക്കാൻ പാടില്ല. അതെല്ലാം മററുള്ളവർക്ക് ദ്രോഹവും വിഷമങ്ങളും ക്ഷണിച്ചുവരുത്തുകയും ചെയ്യുന്നു.

d) ഹജറുൽ അസ്‌വദ് ചുംബിക്കുന്നത് സുന്നത്താണ്. എന്നാൽ

ഒരു മുസ്‌ലിമിന്റെ മാന്യത സംരക്ഷിക്കുക എന്നത് ഫർദുമാണ്. ഒരു സുന്നത്തെടുക്കാൻ ഫറദിനെ പാഴാക്കാവതല്ലല്ലൊ. അതിനാൽ തിരക്കുള്ളപ്പോൾ ഹജറുൽ അസ്‌വദിനു നേരെ ആംഗ്യം കാണിച്ചാൽ തന്നെ മതി. ത്വവാഫിൽ നിന്ന് വിരമിക്കു മ്പോഴും വളരെ സാവകാശമാണ് പുറത്ത് പോകേണ്ടത്.

ഒ) റുക്നുൽ യമാനിയുടെ അടുത്തെ ത്തുമ്പോൾ വലത് കൈക്കൊണ്ട് അതിനെ തടവുന്നതും 'ബിസ്മില്ലാഹി അല്ലാഹു അക്ബർ' എന്ന് പറയുന്നതുമാണ് സുന്നത്ത്, എന്നല്ലാതെ അതിനെ ചുംബിക്കുകയല്ല. എന്നാൽ അതിന് സാധിക്കുന്നില്ലെങ്കിൽ ത്വവാഫിൽ തന്നെ നീങ്ങിയാൽ മതി.

അതിനു നേരെ ആംഗ്യം കാണിക്കു കയോ തക്ബീർ ചൊല്ലുകയോ വേണ്ടതില്ല. കാരണം അങ്ങനെ യാതൊന്നും നബി (സ)യിൽ നിന്നും സ്ഥിരപ്പെട്ടിട്ടില്ല. അതേസമയം റുക്നുൽ യമാനിയുടെയും ഹജറുൽ അസ്‌വദിന്റെയും ഇടയിൽ:

( رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ )

(റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വഖിനാ അദാബന്നാർ)

'ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങൾക്ക് ഇഹ ലോകത്ത് നല്ലത് തരേണമേ പരലോകത്തും നന്മ നൽകുകയും നരക ശിക്ഷയിൽ നിന്നും

ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ' എന്ന് പ്രാർത്ഥിക്കൽ സുന്നത്താണ്.

അവസാനമായി, ഖുർആനും ഹദീസും മുറുകെപ്പിടിക്കാൻ എല്ലാവരെയും ഉണർത്തുന്നു. അല്ലാഹു പറയുന്നു:

( وَأَطِيعُواْ اللهَ وَالرَّسُولَ لَعَلَّكُمْ تُرْحَمُونَ ) (آل عمران :١٣٢ )

'നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക, നിങ്ങൾ അനുഗ്രഹീതരായേക്കാം'

*****************

# ഹജ്ജ്, ഉംറ, മസ്ജിദുന്നബവി സന്ദർശനം എന്നിവ എങ്ങനെ നിർവഹിക്കാം?

സഹോദരാ, ഹജ്ജു കർമ്മങ്ങൾ നിർവഹിക്കുന്നതിന്ന് തമത്തുഅ്, ഖിറാന്, ഇഫ്റാദ് എന്നിങ്ങനെ മൂന്ന് രൂപങ്ങളുണ്ട്.

- തമത്തുഅ്:

ഹജ്ജുമാസങ്ങളിൽ (ശവ്വാൽ, ദുൽഖഅദ, ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങൾ) ഉംറക്കുവേണ്ടി ഇഹ്റാം കെട്ടുകയും അതിൽ നിന്ന് വിരമിച്ചശേഷം അതേ വർഷം തന്നെ മക്കയിൽ നിന്നോ അതിന്റെ സമീപത്തുനിന്നോ തർവിയ്യാ

ദിനത്തിൽ ഹജ്ജിന്ന് വേണ്ടി ഇഹ്റാം കെട്ടുക ഇതാണ് തമത്തുഅ്.

- ഖിറാന്:

ഹജ്ജുമാസങ്ങളിൽ ഹജ്ജിന്നും ഉംറക്കുംവേണ്ടി ഒരുമിച്ച് ഇഹ്റാം കെട്ടുകയും ദുൽഹജ്ജ് പത്തിന്ന് മാത്രം അതിൽ നിന്ന് വിരമിക്കുകയും ചെയ്യുക. അതല്ലെങ്കിൽ ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്കുവേണ്ടി ഇഹ്റാം കെട്ടുകയും ത്വവാഫ് ആരംഭിക്കുന്നതിന്നു മുമ്പായി ഹജ്ജും കൂടി അതിൽ ഉൾപെടുത്തുക ഇതാണ് ഖിറാൻ എന്ന് പറയുന്നത്.

- ഇഫ്റാദ്:

ഹജ്ജുമാസങ്ങളിൽ മീഖാത്തിൽ നിന്നൊ, മക്കക്കാരൻ മക്കയിൽ നിന്നൊ, മീഖാത്തിനുള്ളിൽ താമസിക്കുന്നവൻ തന്റെ താമസ സ്ഥലത്ത് നിന്നൊ ഹജ്ജിന്നുവേണ്ടി ഇഹ്റാം കെട്ടുകയും ദുൽഹജ്ജ് പത്തിന്ന് മാത്രം അതിൽ നിന്ന് വിരമിക്കുകയും ചെയ്യുന്നതിന്നാണ് ഇഫ്റാദ് എന്ന് പറയുക. എന്നാൽ ബലിമൃഗം കൂടെയില്ലെങ്കിൽ ഹജ്ജിന്റെ ഇഹ്റാം ഉംറയുടേതാക്കി മാററുകയും ത്വവാഫും സഅ്യും മുടിഎടുക്കലും കഴിഞ്ഞ് ഇഹ്റാമിൽ നിന്ന് ഒഴിവാകുകയാണ് വേണ്ടത്. ഹജ്ജിന്നുവേണ്ടി ഇഹ്റാം കെട്ടുകയും ബലിമൃഗം കൂടെയില്ലാതിരിക്കുകയും

ചെയ്തവരോട് അങ്ങിനെ ചെയ്യാനാണ് നബി(സ) കൽപിച്ചത്. ഇതുപോലെ തന്നെ ഖാരിനായി ഇഹ്റാം ചെയ്തയാളും ബലിമൃഗം കൂടെയില്ലെങ്കിൽ ഹജ്ജിന്റെ ഇഹ്റാം ഉംറയുടേതാക്കി മാററുകയാണ് വേണ്ടത്.

- ഈ മൂന്ന് രൂപങ്ങളിൽ ബലിമൃഗം കൂടെ കൊണ്ടുപോയിട്ടില്ലെങ്കിൽ തമത്തുഇന്റെ രൂപത്തിൽ ഹജ്ജ്ചെയ്യുന്നതാണ് ഏററവും ഉത്തമം. നബി(സ) സ്വഹാബിമാരോട് ശക്തമായി കൽപിച്ച രൂപവും അതാണ്.

# ഉംറയുടെ രീതി

1. മീഖാത്തിലെത്തിയാൽ വൃത്തിയായി കുളിക്കുന്നതും സുഗന്ധം വസ്ത്രത്തിലാകാതെ ശരീരത്തിൽ പൂശുന്നതും സുന്നത്താണ്. പിന്നീട് ഇഹ്റാമിന്റെ വസ്ത്രം ധരിക്കേണ്ടതാണ്. പുരുഷന്മാർ ഒരു ഉടുമുണ്ടും ഒരു മേൽമുണ്ടും. വെളുത്തതായിരിക്കുന്നത് ഉത്തമം. സ്ത്രീകൾക്ക് സൗന്ദര്യം പ്രകടിപ്പിക്കാത്തതും പുരുഷന്മാരുടേയൊ അവിശ്വാസികളുടേയൊ വേഷത്തോട് സാദൃശ്യമാകാത്തതുമായ ഏത് വസ്ത്രവും ധരിക്കാം.

പിന്നീട് ഉംറക്ക് ഇഹ്റാം ചെയ്യുന്നു എന്ന് ഉദ്ദേശിച്ചുകൊണ്ട് لَبَّيْكَ عُمْرَةً (ലബ്ബൈക്ക ഉംറതൻ)

'ഉംറക്കായി ഞാനിതാ ഉത്തരം നൽകിയിരിക്കുന്നു' എന്ന് പറഞ്ഞ് തൽബിയത്ത് ചൊല്ലുക.

( لَبَّيْكَ اللَّهُمَّ لَبَّيْكَ ، لَبَّيْكَ لَا شَرِيكَ لَكَ لَبَّيْكَ ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكَ لَا شَرِيكَ لَكَ )

(ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക ലബ്ബൈക്, ഇന്നൽഹംദ വന്നിഅ്മത, ലക വൽമുൽക് ലാ ശരീക ലക്).

'അല്ലാഹുവേ ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു. ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു. ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു, നിനക്ക് ഒരു പങ്കുകാരനുമില്ല. ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു. മുഴുവൻ

സ്തുതികളും അനുഗ്രഹങ്ങളും അധികാരങ്ങളും നിനക്കാണ്. നിനക്ക് ഒരു പങ്കുകാരനുമില്ല'.

പുരുഷന്മാർ ഇത് ഉച്ചത്തിലും സ്ത്രീകൾ പതുക്കെയുമാണ് പറയേണ്ടത്. അനന്തരം തൽബിയത്തും ദിക്റും ഇസ്തിഗ്ഫാറും വർദ്ധിപ്പിക്കുകയാണ് വേണ്ടത്.

2. മക്കയിൽ എത്തിക്കഴിഞ്ഞാൽ കഅ്ബയെ ഏഴു ചുററ് (ത്വവാഫ്) ചെയ്യുക. തക്ബീർ മുഴക്കിക്കൊണ്ട് ഹജറുൽ അസ്വദിൽ നിന്ന് ത്വവാഫ് ആരംഭിക്കുകയും ഏഴാമത്തേത് അവിടെ വെച്ചു തന്നെ അവസാനിപ്പിക്കുകയും ചെയ്യുക. ഇഷ്ടമുള്ള ദിക്റ് ചൊല്ലാവുന്നതും ഇഷ്ടമുള്ള പ്രാർത്ഥന

പ്രാർത്ഥിക്കാവുന്നതുമാണ്. ഓരോ ചുററിലും റുക്നുൽ യമാനിയുടെയും ഹജറുൽ അസ്‌വദിന്റെയും ഇടയിൽ ഇങ്ങനെ പ്രാർത്ഥിക്കൽ സുന്നത്താണ്.

( رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ )

'ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹത്തിൽ നന്മ പ്രദാനം ചെയ്യേണമേ, പരലോകത്തും നന്മ പ്രദാനം ചെയ്യേണമേ, നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ'. ത്വവാഫിനു ശേഷം സൗകര്യപ്പെട്ടാൽ ദൂരെയാണെങ്കിൽ പോലും മഖാമു ഇബ്രാഹിമിനു പിന്നിൽ (രണ്ട് റക്അത്ത്) നമസ്കരിക്കുക. സൗക

ര്യപ്പെട്ടില്ലെങ്കിൽ പള്ളിയിൽ ഏതു സ്ഥലത്തുവെച്ചും നമസ്കരിക്കാം.

ഈ ത്വവാഫിൽ 'ഇള്ത്വിബാഇ'ന്റെ രൂപത്തിൽ അതായത് മേൽമുണ്ടിന്റെ മധ്യം വലതുകക്ഷത്തിലും രണ്ട് അററങ്ങളും ഇടത് ചുമലിന് മുകളിലും വരുന്ന രൂപത്തിൽ ധരിക്കുക എന്നതും, 'റംലി'ന്റെ നടത്തവും അതായത് ആദ്യത്തെ മൂന്ന് ചുററിൽ കാൽവെപ്പുകൾ അടുപ്പിച്ചു വെക്കുകയും വേഗതകൂട്ടുകയും ചെയ്യുന്നത് പുരുഷന്മാർക്ക് സുന്നത്താണ്.

3. പിന്നീട് സ്വഫായിലേക്ക് പുറപ്പെടുക അപ്പോൾ

( إِنَّ الصَّفَا وَالْمَرْوَةَ مِن شَعَآئِرِ اللّهِ )

എന്ന വചനം ഓതുകയും സ്വഫയുടെ മുകളിൽ കയറി കഅ്ബയുടെ നേരെ തിരിഞ്ഞുകൊണ്ട് മൂന്ന് പ്രാവശ്യം അല്ലാഹുവെ സ്തുതിക്കുകയും തക്ബീർ ചൊല്ലുകയും കൈഉയർത്തി ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യുക. അതാണ് സുന്നത്ത്:

( لَا إِلَهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ، لَا إِلَهَ إِلَّا اللهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الْأَحْزَابَ وَحْدَهُ )

'അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ഏകനാണ്. അവന്ന് ഒരു പങ്കുകാരനുമില്ല. അവന്നാണ് അധികാരം. അവന്നു

മാത്രമാണ് സ്തുതി. അവൻ എല്ലാററിനും കഴിവുള്ളവനാണ്. അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല. അവൻ ഏകനാണ്. അവൻ തന്റെ വാഗ്ദാനം നിറവേററുകയും തന്റെ അടിമയെ സഹായിക്കുകയും ഏകനായി ശത്രു കക്ഷികളെ പരാജയപ്പെടുത്തു കയും ചെയ്തു.' എന്ന് മൂന്ന് പ്രാവശ്യം പറയുകയും ചെയ്യുക. അതിലും ചുരുക്കുന്നതിനും വിരോധമില്ല.

* പിന്നെ താഴെ ഇറങ്ങി ഉംറക്കുള്ള സഅ്യ് നടത്തുക. രണ്ടു പച്ച അടയാളങ്ങൾക്കിടയിൽ ധൃതിയിൽ നടക്കണം. അവക്കു മുമ്പും ശേഷവും സാധാരണ നടത്തം നടക്കുക. ശേഷം മർവയുടെ മുകളിൽ കയറുകയും അല്ലാഹുവെ

സ്തുതിക്കുകയും തക്ബീർ ചൊല്ലുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

* ത്വവാഫിനും സഅ്യിനും നിർബന്ധമായി ചൊല്ലേണ്ട ഒരു പ്രത്യേക ദിക്റുമില്ല. ത്വവാഫും സഅ്യും നടത്തുന്ന വ്യക്തിക്ക് സൗകര്യപ്പെട്ട ദിക്റും ദുആയും ഖുർആൻ പാരായണവും ചെയ്യാവുന്നതാണ്. നബി(സ) യിൽ നിന്ന് സ്ഥിരപ്പെട്ടതാകാൻ പ്രത്യേകം ശ്രദ്ധിക്കണം.

4. സഅ്യ് പൂർത്തിയാക്കിയാൽ തലമുടി കളയുകയോ വെട്ടിക്കുകയോ ചെയ്യുക. അതോടെ ഉംറ പൂർത്തിയായി. പിന്നീട് ഇഹ്റാമിൽ നിഷിദ്ധ

മായിരുന്നതെല്ലാം അനുവദനീയമാകുന്നതാണ്.

മുതമത്തിആയ രൂപത്തിൽ ഹജ്ജ് ചെയ്യുന്നയാളാണെങ്കിൽ ഹജ്ജിൽ നിന്ന് വിരമിക്കുമ്പോൾ മുടി വടിക്കുന്നതിനായി ഇപ്പോൾ മുടി വെട്ടിക്കുന്നതാണ് ഏററവും ഉത്തമം.

- താങ്കൾ മുതമത്തിഓ ഖാരിനോ ആണെങ്കിൽ ബലി ദിവസം അറവ് നിർബന്ധമാണ്. ഒരാടിനേയോ, ഒട്ടകത്തിന്റേയോ പശുവിന്റേയോ ഏഴിൽഒന്ന് പങ്ക് ചേർന്നോ ആണ് ബലിയറുക്കേണ്ടത്. അതിന് സാധിക്കാത്തവർ പകരമായി പത്ത് നോമ്പ് നോൽക്കണം. മൂന്നെണ്ണം ഈ ഹജ്ജ് വേളയിലും ബാക്കി ഏഴെണ്ണം തന്റെ കുടുംബത്തിലേക്ക്

തിരിച്ചെത്തിയ ശേഷവും നോൽക്കുക. പ്രസ്തുത മൂന്ന് നോമ്പ് അറഫാദിനത്തിന്റെ മുമ്പായിരിക്കുന്നതാണ് ഉത്തമം. എന്നാൽ ബലി ദിവസത്തിന് ശേഷമുള്ള മൂന്ന് ദിവസങ്ങളിൽ ആ നോമ്പ് എടുക്കുന്നതിനും അനുവാദമുണ്ട്.

# ഹജ്ജിന്റെ രൂപം

താങ്കൾ ഖാരിനായോ (ഹജ്ജിനും ഉംറക്കും ഒരുമിച്ച് ഇഹ്റാം) മുഫ്രിദായൊ(ഹജ്ജിന് മത്രം ഇഹ്റാം) ഹജ്ജുചെയ്യുകയാണെങ്കിൽ താങ്കൾ വരുന്ന മീഖാത്തിൽ വെച്ച് ഇഹ്റാം കെട്ടണം. ഇനി താങ്കൾ മീഖാത്തിനുള്ളിലാണെങ്കിൽ ഏത് രൂപത്തിലുള്ള ഹജ്ജാണൊ ഉദ്ദേശിക്കുന്നത് അതിനായി താമസ സ്ഥലത്ത് വെച്ച് തന്നെ ഇഹ്രാമിൽ പ്രവേശിക്കുക.

ഇനി മുതമത്തിആയിട്ടാണ് ഹജ്ജുചെയ്യുന്നതെങ്കിൽ തങ്കൾ കടന്നുവരുന്ന മീഖാത്തിൽ വെച്ച് ഉംറക്ക് വേണ്ടി ഇഹ്റാം കെട്ടുകയും

അതിൽ നിന്ന് വിരമിച്ച ശേഷം തർവിയത്ത് ദിനത്തിൽ (ദുൽഹിജ്ജ എട്ടിന്ന്) താങ്കളുള്ള സ്ഥലത്ത് വെച്ച് ഹജ്ജിന്ന് വേണ്ടി വീണ്ടും ഇഹ്റാം ചെയ്യുക. സൗകര്യപ്പെടുമെങ്കിൽ കുളിച്ച് ശരീരത്തിൽ സുഗന്ധ ദ്രവ്യം പൂശിയാണ് ഇഹ്റാമിന്റെ വസ്ത്രം ധരിക്കേണ്ടത് അപ്പോൾ ''ലബ്ബൈക്കല്ലാഹുമ്മ ഹജ്ജൻ'' എന്ന് പറയുകയും ചെയ്യുക. അനന്തരം *'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്..'* എന്ന തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കുകയും ചെയ്യുക.

2. ഇഹ്റാമിന് ശേഷം മിനായിലേക്ക് പുറപ്പെടുകയും അവിടെവെച്ച് ളുഹ്റും അസ്റും

മഗ്‌രിബും ഇശായും ഫജ്റും നാലുറക്അത്തുള്ള നമസ്കാരങ്ങൾ രണ്ടാക്കി ഖസ്റാക്കി അതാതിന്റെ സമയങ്ങളിൽ ജംഅ് ആക്കാതെ നമസ്കരിക്കുക.

3. ദുൽഹിജ്ജ ഒമ്പതിന്ന് സൂര്യനുദിച്ചതിന്ന് ശേഷം സാവകാശം അറഫായിലേക്ക് പുറപ്പെടുക. താങ്കളുടെ സഹോദരങ്ങളായ ഹാജിമാർക്ക് വിഷമമുണ്ടാക്കാതിരിക്കാൻ സൂക്ഷിക്കണം. ളുഹ്റും അസ്റും അവിടെ വെച്ച് ളുഹ്റിന്റെ സമയത് ഒരു ബാങ്കും രണ്ട് ഇഖാമത്തുമായി, ജംഉം ഖസ്റുമായി നമസ്കരിക്കുക.

അറഫാ അതിർത്തികൾക്കുള്ളിൽ തന്നെയാണ് താൻ നിൽക്കുന്നത് എന്ന്

ഉറപ്പ് വരുത്തുകയും അവിടെ വെച്ച് ഖിബ്‌ലയുടെ ഭാഗത്തേക്ക് തിരിഞ്ഞ് നിന്ന് ഇരു കൈകളുമുയർത്തി ദിക്റൂ ദുആകളിൽ കഴിയണം അതായിരുന്നു നബി(സ)യുടെ മാതൃക. അറഫ മൈതാനം മുഴുവനും നിൽക്കാവുന്ന സ്ഥലമാണ്. സൂര്യാസ്തമയം വരെ അറഫാക്കുള്ളിൽ കഴിയണം.

4. സൂര്യാസ്തമനത്തിനു ശേഷം മുസ്ദലിഫയിലേക്ക് സാവധാനത്തിലും ഭക്തിയോടെയും തല്ബിയത്ത് ചൊല്ലികൊണ്ടും പുറപ്പെടണം. മററു ഹാജിമാർക്ക് വിഷമമുണ്ടാക്കാ തിരിക്കാൻ ശ്രദ്ധിക്കണം മുസ്ദലിഫ യിലെത്തിയാലുടൻ ജംഉം ഖസ്റുമായി മഗ്‌രിബും ഇശായും നമസ്കരിച്ച് ഫജ്ർ നമസ്കാരം വരെ അവിടെ

വിശ്രമിക്കുക, പ്രവാചകന്റെ ചര്യയിൽ സ്ഥിരപെട്ട പോലെ ഫജ്ർ നമസ്കാര ശേഷം ഖിബിലയിലേക്ക് തിരിഞ്ഞ് കൈകളുയർത്തി ധാരാളമായി ദിക്ർ ദുആകൾ ചൊല്ലുക.

5. സൂര്യോദയത്തിന് മുമ്പായി തൽബിയത് ചൊല്ലിക്കൊണ്ട് അവിടെനിന്ന് മിനായിലേക്ക് പുറപ്പെടുക. സ്ത്രീകളേയോ ദുർബലരേയോ പോലെ കാരണങ്ങളുള്ള ഹാജിമാർക്ക് രാത്രിയുടെ പകുതി കഴിഞ്ഞാൽ തന്നെ മിനായിലേക്ക് പുറപ്പെടാവുന്നതാണ്. ജംറതുൽ അഖബയിൽ എറിയാനുള്ള ഏഴ് കല്ലുകൾ പൊറുക്കിയെടുക്കുക. ബാക്കി ദിവസങ്ങളിൽ എറിയാനുള്ള കല്ലുകൾ പിന്നീട് മിനായിൽ നിന്ന്

പൊറുക്കിയാൽ മതിയാകുന്നതാണ്. പെരുന്നാൾ ദിവസം അഖബായിൽ എറിയാനുള്ള കല്ലുകളും മിനായിൽ നിന്ന് തന്നെ പൊറുക്കിയെടുക്കുന്നതിന്നും വിരോധമൊന്നുമില്ല.

6. മിനായിലെത്തിചേർന്നാൽ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുക

a) ജംറതുൽ അഖബയെ (മക്കയോട് ഏററവും അടുത്തതാണത് തുടർചയായ ഏഴ് കല്ലുകൾ കൊണ്ട് തക്ബീർ ചൊല്ലി എറിയുക

b) ബലി നിർബന്ധമാണെങ്കിൽ അറുക്കുകയും അതിൽ നിന്ന് ഭക്ഷിക്കുകയും പാവങ്ങൾക്ക് ഭക്ഷിപ്പിക്കുകയും ചെയ്യുക.

c) തലമുടി വടിച്ച് നീക്കുകയോ വെട്ടിക്കുകയോ ചെയ്യുക വടിക്കുന്നതാണ് ഏററവും ശ്രേഷ്ടമായത്. സ്ത്രീകൾക്ക് മുടിയുടെ അററത്തിൽ നിന്നും ഒരു വിരൽ കൊടിയോളം വെട്ടിയാൽ മാത്രം മതി.

മുകളിൽ പറഞ്ഞ അതേ ക്രമപ്രകാരമായിരിക്കലാണ് ഏററവും ഉത്തമം. എന്നാൽ അതിൽ ചിലതിനെ മുന്തിക്കുകയോ പിന്തിക്കുകയോ ചെയ്യുന്നതിന്ന് വിരോധമില്ല.

കല്ലേറിയുകയോ മുടിയെടുക്കുകയോ ചെയ്താൽ ഒന്നാമത്തെ തഹല്ലുലായി. അതിന്ശേഷം സാധാരണ വസ്ത്രം ധരിക്കുകയും ഭാര്യാസമ്പർക്കം ഒഴികെ ഇഹ്റാമിൽ

പാടില്ലാത്ത എല്ലാ കര്യങ്ങളും അനുവദിക്കപ്പെടുകയും ചെയ്യുന്നു.

7. പിന്നീട് മക്കയിൽ പോയി ത്വവാഫുൽ ഇഫാള ചെയ്യുക താങ്കൾ മുതമത്തിഅ് ആണെങ്കിൽ സഅ്യും ചെയ്യുക. എന്നാൽ ഖാരിനോ മുഫ്രിദോ ആണെങ്കിൽ ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്യ് ചെയ്തിട്ടുണ്ടെങ്കിൽ ഇപ്പോൾ സഅ്യ് നിർബന്ധമില്ല. അതോടെ ഭാര്യാസമ്പർക്കം ഉൾപെടെ ഇഹ്റാമിൽ പാടില്ലാതിരുന്ന എല്ലാകാര്യങ്ങളും അനുവദിക്കപെട്ടു.

ത്വാഫുൽ ഇഫാളയും സഅ്യും മിനായിലെ താമസത്തിനും കല്ലേറിനും ശേഷം നിർവഹിക്കാനായി പിന്തിപ്പിക്കുന്നതും അനുവദനീയമാണ്.

ബലി ദിവസം(ദുൽഹിജ്ജ പത്തിന്ന്) ത്വവാഫിനും സഅ്യിനും ശേഷം മിനായിൽ തിരിച്ചെത്തി പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് രാവുകളിൽ (അയ്യമുത്തശ്‌രീഖിന്റെ രാത്രികളിൽ) മിനായിൽ രാപാർക്കേണ്ടതാണ്. പന്ത്രണ്ടാം രാവോടെ മതിയാക്കി നേരത്തെ മിനാ വിടുന്നതിന്നും വിരോധമില്ല.

9. മിനായിൽ താമസിക്കുന്ന രണ്ട് ദിവസമാകട്ടെ മൂന്ന് ദിവസമാകട്ടെ ഉച്ചക്ക് ശേഷം മൂന്ന് ജംറകളിലും ഏഴു വീതം കല്ലെറിയേണ്ടതാണ്. മക്കായിൽ നിന്ന് ഏററവും ദൂരമുള്ള ഒന്നാമത്തെ ജംറയിൽ നിന്നാണ് കല്ലേറ് ആരംഭിക്കേണ്ടത്. പിന്നീട് മധ്യത്തിലും പിന്നീട് അഖബയിലും എറിയുക.

ഓരോ കല്ലെറിയുമ്പോഴും തക്ബീർ ചൊല്ലുകയും ഒന്നാമത്തേയും രണ്ടാമത്തേയും ജംറകളിൽ കല്ലെറിഞ്ഞു കഴിയുമ്പോൾ ഖിബിലയിലേക്ക് തിരിഞ്ഞ് നിന്ന് കൈകളുയർത്തി അല്ലാഹുവിനോട് ധാരാളമായി ദുആ ചെയ്യുന്നതും സുന്നത്താണ്. മൂന്നാമത്തെ ജംറയായ അഖബയിൽ എറിഞ്ഞാൽ പിന്നെ ദുആ ചെയ്യാൻ നിൽക്കരുത്.

രണ്ട് ദിവസം കൊണ്ട് മിനായിൽ താമസിക്കുന്നത്
ചുരുക്കുകയാണെങ്കിൽ രണ്ടാം ദിവസം സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പായി മിനായിൽ നിന്നും പുറത്ത് കടക്കേണ്ടതാണ്. ഇനി മിനായിൽ വെച്ച് തന്നെ സൂര്യൻ അസ്തമിച്ചുവെങ്കിൽ

അന്നേദിവസം കൂടി അവിടെ രാപാർക്കേണ്ടതും പിറേറ ദിവസത്തെ ജംറകളിലെ
കല്ലേറും നിർബന്ധമായിത്തീരുന്നു. മൂന്നാം ദിവസം മിനായിൽ രാപാർക്കുന്നത് ഏററവും ശ്രേഷ്ഠമായതാണ്.

രോഗികൾക്കും ദുർബലർക്കും കല്ലെറിയുന്നതിന്ന് വേണ്ടി പകരം ആളെ നിശ്ചയിക്കാവുന്നതാണ്. പകരം എറിയുന്നയാൾ ആദ്യം തനിക്ക് വേണ്ടിയും പിന്നെ അതേ സ്ഥലത്ത് വെച്ച് തന്നെ ഏൽപിച്ചയാൾക്കും വേണ്ടി എറിയാവുന്നതാണ്.

10. ഹജ്ജിന്റെ കർമ്മങ്ങൾ കഴിഞ്ഞ് താങ്കൾ സ്വദേശത്തേക്ക് തിരിച്ചുപോകാൻ ഉദ്ദേശിച്ചാൽ

കഅബത്തിങ്കൽ ത്വാഫുൽ വിദാഅ് (വിടവാങ്ങൽ ത്വവാഫ്) ചെയ്യൽ നിർബന്ധമാണ്. ആർത്തവമോ പ്രസവാശുദ്ധിയൊ ഉള്ള സ്ത്രീകൾക്ക് മാത്രമെ ഇതിൽ ഇളവ് നൽകപ്പെട്ടിട്ടുള്ളൂ.

# ഇഹ്റാമിൽ പ്രവേശിച്ചയാൾക്ക് നിർബന്ധമായ കാര്യങ്ങൾ

ഹജ്ജിനോ ഉംറക്കോ വേണ്ടി ഇഹ്റാമിൽ പ്രവേശിച്ചയാൾക്ക് താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമാണ്.

1. നമസ്കാരങ്ങൾ അവയുടെ സമയത്ത് ജമാഅത്തായി നിർവ്വഹിക്കുക തുടങ്ങിയ അല്ലാഹു നിർബന്ധമാക്കിയ കാര്യങ്ങൾ കൃത്യമായി അനുഷ്ഠിക്കുക.

2. മ്ലേഛവൃത്തി, തെമ്മാടിത്തം, കുതർക്കം, ധിക്കാരം തുടങ്ങി അല്ലാഹു വിരോധിച്ച കാര്യങ്ങൾ വർജ്ജിക്കുക.

3. വാക്കുകൊണ്ടോ പ്രവൃത്തി കൊണ്ടോ മുസ്‌ലിം സഹോദരങ്ങളെ ഉപദ്രവിക്കാതിരിക്കുക.

4. ഇഹ്റാമിൽ വർജ്ജിതമായ താഴെ പറയുന്ന കാര്യങ്ങൾ ഉപേക്ഷിക്കുക.

(എ) തന്റെ മുടിയോ നഖമോ എടുക്കരുത്. ഇഹ്റാമിന്റെ അവസ്ഥയിൽ ഉദ്ദേശപൂർവ്വമല്ലാതെ മുടിയോ നഖമോ പറിഞ്ഞു പോയിട്ടുണ്ടെങ്കിൽ അതിനു വിരോധമില്ല.

(ബി) ശരീരത്തിലോ വസ്ത്രത്തിലോ, ഭക്ഷണ പാനീയങ്ങളിലോ സുഗന്ധദ്രവ്യം ഉപയോഗിക്കരുത്. ഇഹ്റാമിന്റെ മുമ്പ് ഉപയോഗിച്ച സുഗന്ധത്തിന്റെ

അടയാളം അവശേഷിക്കുന്നതിന് വിരോധമില്ല.

(സി) ഇഹ്റാമിലായിരിക്കെ കരയിലുള്ള വേട്ടജീവികളെ കൊല്ലുകയോ വിരട്ടിയോടിക്കുക യോ വേട്ടക്കാരനെ വേട്ടയാടാൻ സഹായിക്കുക യോ ചെയ്യാൻ പാടില്ല.

(ഡി) ഇഹ്റാമിൽ പ്രവേശിച്ചവനും അല്ലാത്തവനും ഹറമിലെ മരമോ പച്ചച്ചെടിയോ മുറിക്കരുത്. വീണു കിട്ടിയ സാധനം പരസ്യപ്പെടുത്താനല്ലാതെ എടുക്കുകയും ചെയ്യരുത്. കാരണം നബി (സ) അതെല്ലാം വിരോ ധിച്ചിട്ടുണ്ട്.

(ഇ) വിവാഹാലോചന നടത്തുകയോ, തനിക്കു വേണ്ടിയോ

മററാർക്കെങ്കിലും വേണ്ടിയോ വിവാഹം നടത്തുകയോ, ഇഹ്റാമിലായിരിക്കെ സ്ത്രീകളുമായി ലൈംഗിക ബന്ധത്തിലേർപ്പെടുകയോ, വികാരത്തോടുകൂടി അവരുമായി ഇടപെടുകയോ ചെയ്യാൻ പാടില്ല.

മേൽ പറഞ്ഞ കാര്യങ്ങൾ സ്ത്രീക്കും പുരുഷനും ഒരു പോലെ നിഷിദ്ധമാണ്. എന്നാൽ താഴെ പറയുന്ന കാര്യങ്ങൾ പുരുഷന് പ്രത്യേകമായിട്ടുള്ളതാണ്:

എ) തല മറക്കരുത്, എന്നാൽ കുട ചൂടുന്നതിനോ വാഹനത്തിന്റെ തട്ടിനു താഴെ ഇരിക്കുന്നതിനോ തലയിൽ സാധനം ചുമക്കുന്നതിനോ വിരോധമില്ല.

ബി) കുപ്പായമോ ശരീരത്തെ മുഴുവനുമായോ ഭാഗികമായോ മൂടുന്ന തരത്തിൽ തുന്നിയ വസ്ത്രമോ കുർത്തയോ തൊപ്പിയോ തലപ്പാവോ കാലുറയോ മേൽജോഡിയോ ധരിക്കാൻ പാടില്ല. എന്നാൽ തുണി കിട്ടാത്തവന് പാന്റ്സും ചെരിപ്പ് കിട്ടാത്തവന് മേൽജോഡിയും (സോക്സ്) ധരിക്കുന്നതിന് വിരോധമില്ല.

* സ്ത്രീ ഇഹ്റാമിന്റെ സമയത്ത് കൈയുറ ധരിക്കാനും, മുഖംമൂടി കൊണ്ടോ ബുർഖ കൊണ്ടോ മുഖം മറക്കാനും പാടുള്ളതല്ല.

പക്ഷെ അവൾക്ക് അന്യപുരുഷന്മാരുടെ സാന്നിദ്ധ്യ ത്തിലാണെങ്കിൽ ഇഹ്റാമല്ലാത്ത

അവസ്ഥയിലെന്ന പോലെ മക്കന കൊണ്ടോ മറ്റോ മുഖം മറക്കാവുന്നതാണ്.

* ഇഹ്റാമിൽ പ്രവേശിച്ച ആൾ മറന്നുകൊണ്ടോ വിവരമില്ലാതെയോ തുന്നിയ വസ്ത്രം ധരിക്കുകയോ തലമറക്കുകയോ സുഗന്ധം പൂശുകയോ മുടിയെടുക്കുകയോ നഖം മുറിക്കുകയോ ചെയ്തുപോയാൽ അതിന് പ്രായശ്ചിത്തം ചെയ്യേണ്ടതില്ല. ഓർമ്മയാവുകയോ വിവരം ലഭിക്കുകയോ ചെയ്ത ഉടനെ ഉപേക്ഷിക്കൽ നിർബന്ധമായ കാര്യങ്ങൾ ഉപേക്ഷിച്ചാൽ മതി.

* ചെരിപ്പ്, മോതിരം, കണ്ണട, ഇയർഫോൺ, റിസ്റ്റ് വാച്ച്, ബെൽറ്റ്,

പണവും കടലാസും സൂക്ഷിക്കുന്ന പേഴ്സ് എന്നിവ ഉപയോഗിക്കാവുന്നതാണ്.

* വസ്ത്രം മാററുന്നതിനും അലക്കുന്നതിനും തലയും ശരീരവും കഴുകുന്നതിനും വിരോധമില്ല. ഉദ്ദേശപൂർവ്വമല്ലാതെ അതുകാരണം വല്ല മുടിയും കൊഴിഞ്ഞു പോയാൽ അതിനു പ്രായശ്ചിത്തം ചെയ്യേണ്ടതില്ല. വല്ല മുറിവുംപററിയാലുള്ള സ്ഥിതിയും അതു പോലെ തന്നെയാണ്.

*****************

# മദീനാ സന്ദർശനത്തിന്റെ രൂപം

1. മസ്ജിദുന്നബവി സന്ദർശിക്കുകയും അതിൽ നമസ്കരിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ ഏത് സമയത്ത് മദീനയിൽ പോകുന്നതും സുന്നത്താണ്. കാരണം അവിടെ വെച്ചുള്ള നമസ്കാരം മസ്ജിദുൽ ഹറാം ഒഴികെ മററു പള്ളികളിൽ വെച്ചുള്ള ആയിരം നമസ്കാര ത്തേക്കാൾ ഉത്തമമായതാണ്.

2. മദീനാ സന്ദർശനത്തിന് ഇഹ്റാമോ തൽബിയത്തോ ഇല്ല. അതിന് ഹജ്ജുമായി യാതൊരു ബന്ധവുമില്ല.

3. മസ്ജിദുന്നബവിയിൽ എത്തിയാൽ വലത് കാൽ മുന്തിച്ച് കൊണ്ട് പ്രവേശിക്കുക. അല്ലാഹുവിന്റെ നാമം

ഉച്ചരിച്ചും നബിയുടെ മേൽ സ്വലാത് ചൊല്ലിയും ഇങ്ങനെ പ്രാർഥിക്കുക

(( أَعوذُ بِاللّٰهِ الْعَظيمِ وَوَجْهِهِ الْكَريمِ وَسُلْطانِهِ الْقَديمِ مِنَ الشَّيْطانِ الرَّجيمِ ، اَللّٰهُمَّ افْتَحْ لي أَبْوابَ رَحْمَتِكَ ))

(മഹാനായ അല്ലാഹുവിനോട് അവന്റെ തിരുമുഖം മുൻനിർത്തിയും അനാദിയായ അവന്റെ അധികാരം മുൻനിറുത്തിയും ശപിക്കപെട്ട പിശാചിൽ നിന്നും ഞാൻ അഭയം തേടുന്നു. അല്ലാഹുവേ, നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്ക് തുറന്ന് തരേണമേ)

എല്ലാ പള്ളികളിലും പ്രവേശിക്കുമ്പോൾ ഈ പ്രാർഥന സുന്നത്താണ്.

4. പള്ളിയിൽ പ്രവേശിച്ചാലുള്ള തഹിയ്യത്ത് നമസ്കാരം നിർവഹിക്കുക. അത് റൗളയിൽ വെച്ചായിരുന്നാൽ ഏററവും നല്ലത്. അല്ലെങ്കിൽ പള്ളിയുടെ ഏത് ഭാഗത്തായിരുന്നാലും മതിയാകുന്നതാണ്.

5. പിന്നീട് നബി(സ)യുടെ ഖബറിനടുത്തേക്ക് ചെന്ന് അതിന് അഭിമുഖമായി അച്ചടക്കത്തോടെ നിൽക്കുക, ശബ്ദം താഴ്ത്തി ഇങ്ങനെ സലാം പറയുക:

(( اَلسَّلاَمُ عَلَيْكَ أَيُّهاَ النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكاَتُهُ ))

(നബീ, താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയും കാരുണ്യവും അനുഗ്രഹങ്ങളും ഉണ്ടാകട്ടെ)

നബി(സ) യുടെ മേൽ സ്വലാത് ചൊല്ലുക. അവിടെവെച്ച് ഇങ്ങനെ പ്രാർത്ഥിക്കാവുന്നതുമാണ്.

(( اَللَّهُمَّ آتِهِ الْوَسِيلَةَ وَالْفَضِيلَةَ وَابْعَثْهُ الْمَقَامَ الْمَحْمُودَ الَّذِي وَعَدْتَهُ ، اَللَّهُمَّ اجْزِهِ عَنْ أُمَّتِهِ أَفْضَلَ الْجَزَاءِ ))

( അല്ലാഹുവേ അദ്ദേഹത്തിന്ന് വസീലത്തും ഫദീലത്തും നൽകുകയും നീ കരാർ ചെയ്തിട്ടുള്ള സ്തുത്യർഹമായ സ്ഥാനത്തേക്ക് നിയോഗിക്കുകയും ചെയ്യേണമേ. തന്റെ സമുദായത്തിന്റെ കാര്യത്തിൽ

അദ്ദേഹത്തിന് ഉത്തമമായ പ്രതിഫലം നൽകേണമേ)

പിന്നീട് അൽപം വലത്തോട്ട് നീങ്ങി അബൂബക്കർ (റ)ന്റെ ഖബറിന്റെ മുമ്പിൽ നിൽക്കുകയും സലാം പറയുകയും അദ്ദേഹത്തിന്ന് പാപമോചനത്തിനും കാരുണ്യത്തിനും അനുഗ്രഹത്തിനുമായി പ്രാർഥിക്കുക

വീണ്ടും അൽപം കൂടി വലത്തോട്ട് നീങ്ങി ഉമർ(റ)ന്റെ ഖബറിന്റെ മുമ്പിൽ നിൽക്കുകയും സലം പറയുകയും അദ്ദേഹത്തിന്ന് പാപമോചന ത്തിനും കാരുണ്യത്തിനും അനുഗ്രഹത്തിനുമായി പ്രാർഥിക്കുകയും ചെയ്യുക.

6. അംഗശുദ്ധിയോട് കൂടി മസ്ജിദ് ഖുബാ സന്ദർശിക്കുകയും അവിടെ

നമസ്കരിക്കുകയും ചെയ്യുന്നത് സുന്നത്താണ്. നബി(സ) അങ്ങിനെ ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

7. ഉസ്മാൻ (റ)വിന്റേതടക്കം ഖബ്റുകളുള്ള *ബഖീഅ്* ഖബറിസ്ഥാൻ സന്ദർശിക്കുന്നതും, ഹംസാ(റ) ന്റേതടക്കമുള്ള ഉഹ്ദ് ശുഹദാക്കളുടെ ഖബറുകൾ സന്ദർശിക്കുന്നതും സലാം പറയുന്നതും അവർക്ക് വേണ്ടി ദുആ ചെയ്യുന്നതും സുന്നത്താണ്. നബി(സ) അവരെ സന്ദർശിക്കുകയും അവർക്ക് വേണ്ടി ദുആ ചെയ്യുകയുമുണ്ടായിട്ടുണ്ട്. ഖബറുകൾ സന്ദർശിക്കുമ്പോൾ താഴെ പറയുന്നത് പ്രാർഥിക്കണമെന്ന് സ്വഹാബത്തിനെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(( اَلسَّلاَمُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ، وَإِنَّا إِنْ شَاءَ اللهُ بِكُمْ لاَحِقُونَ، نَسْأَلُ اللهَ لَنَاوَلَكُمُ الْعَافِيَةَ ))

(മുഅ്മിനീങ്ങളും മുസ്ലിംകളുമായിട്ടുള്ള ഈ വീടുകളിലെ താമസക്കാരെ, അല്ലാഹുവിന്റെ രക്ഷ നിങ്ങൾക്കുണ്ടാകട്ടെ. ഞങ്ങളും നിങ്ങളോടൊപ്പം ഇൻശാഅല്ലാഹ് വന്ന് ചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും അല്ലാഹു സൗഖ്യം നൽകട്ടെ) (മുസ്ലിം)

മുകളിൽ വിവരിച്ചതല്ലാതെ മദീനയിൽ വേറെ പള്ളികളോ സ്ഥലങ്ങളോ സന്ദർശിക്കുന്നത്

സുന്നത്തില്ല. എന്നിരിക്കെ, യാതൊരു പ്രതിഫലവും ലഭിക്കാത്ത ഒരുവേള കുററത്തിനിടയാക്കുന്നതിന്ന് നിങ്ങൾ പ്രയാസങ്ങൾ സഹിക്കാതിരിക്കുന്നതാവും നല്ലത്. അല്ലാഹു അനുഗ്രഹിക്കട്ടെ.

# ചില ഹാജിമാർ ചെയ്യാറുള്ള അബദ്ധങ്ങൾ

**ഒന്ന്: ഇഹ്റാമിലെ അബദ്ധങ്ങൾ:**

* ഹജ്ജിന് ഉദ്ദേശിച്ച വ്യക്തി തന്റെ മീഖാതിൽ നിന്ന് ഇഹ്റാം ചെയ്യാതെ ജിദ്ദയിലോ മീഖാത്തിനുള്ളിൽ മററെവിടെയെങ്കിലുമോ വരികയും അവിടെ നിന്ന് ഇഹ്റാം ചെയ്യുകയും ചെയ്യുക. ഓരോരുത്തരും താൻ വരുന്ന മീഖാത്തിൽ നിന്ന് ഇഹ്റാം ചെയ്യണമെന്ന നബി (സ)യുടെ കൽപനക്ക് വിരുദ്ധമാണിത്.

* ആരെങ്കിലും മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യാതെ അതിനെ

വിട്ടുകടന്നാൽ സാധിക്കുമെങ്കിൽ ആ മീഖാത്തിലേക്കു തന്നെ തിരിച്ചുപോവുകയും അവിടെ നിന്ന് ഇഹ്റാം ചെയ്യുകയും വേണം. അതിനു സാധിച്ചില്ലെങ്കിൽ മക്കയിൽ വെച്ച് ഒരു മൃഗത്തെ ബലി യറുക്കുകയും അതിന്റെ മാംസം മുഴുവനും സാധുക്കൾക്ക് ആഹാരമായി നൽകുകയും വേണം. അവൻ വന്നത് വിമാനത്തിലായിരുന്നാലും കരമാർഗ്ഗമായിരുന്നാലും കപ്പൽ മാർഗ്ഗമായിരു ന്നാലും ശരി.

* നിശ്ചിതമായ അഞ്ചു മീഖാതുകളിൽ ഏതെങ്കിലും ഒന്നിലൂടെ കടന്നു പോകുന്നില്ലെങ്കിൽ തന്റെ യാത്രയിൽ ആദ്യത്തെ മീഖാത്തിന്റെ

നേരെയെത്തുമ്പോൾ ഇഹ്റാം ചെയ്യുകയാണ് വേണ്ടത്.

**രണ്ട്: ത്വവാഫിലെ അബദ്ധങ്ങൾ:**

1. ഹജറുൽ അസ്‌വദിനുമുമ്പായി ത്വവാഫ് ആരംഭിക്കുക. യഥാർത്ഥത്തിൽ ഹജറുൽ അസ്‌വദിൽ നിന്നാണ് ത്വവാഫ് ആരംഭിക്കേണ്ടത്.

2. ഹിജ്ർ ഇസ്‌മാഈലിന്റെ ഉള്ളിലൂടെ ത്വവാഫ് ചെയ്യുക. അങ്ങിനെ ചെയ്തവൻ കഅ്ബയെ ത്വവാഫ് ചെയ്തവനാകുന്നില്ല. അതിന്റെ ഒരു ഭാഗത്തെ ത്വവാഫ് ചെയ്തവനേ ആവുകയുള്ളു. കാരണം ഹിജ്ർ കഅ്ബയിൽ പെട്ടതാണ്. അതിനാൽ അതിനുള്ളിലൂടെ ത്വവാഫ് ചെയ്യുന്നവന്റെ ത്വവാഫ് നിഷ്ഫലമായിരിക്കും.

3. ത്വവാഫിന്റെ ഏഴ് ചുററിലും 'റമല് നടത്തം' നടക്കുക. വാസ്തവത്തിൽ ത്വവാഫിലെ ആദ്യത്തെ മൂന്ന് ചുററിൽ മാത്രമേ അത് ചെയ്യേണ്ടതുള്ളു.

4. ഹജറുൽ അസ്‌വദിനെ ചുംബിക്കുവാൻ വേണ്ടി കഠിനമായി തിരക്കുകയും ചിലപ്പോൾ അടിയും ബഹളവും ഉണ്ടാക്കുകയും ചെയ്യുക. അത് പാടില്ലാത്തതാണ്. കാരണം അതിൽ മുസ്‌ലിം സഹോദരങ്ങളെ ബുദ്ധിമുട്ടിക്കുകയെന്ന തെററുണ്ട്. ഒരു മുസ്‌ലിം തന്റെ സഹോദരനെ അന്യായമായി ചീത്ത പറയുവാനോ അടിക്കുവാനോ പാടില്ലാത്തതാണ്.

* ഹജറുൽ അസ്‌വദിനെ ചുംബിക്കൽ ഒഴിവാക്കുന്നതു കൊണ്ട്

ത്വവാഫിന് ഒരു കോട്ടവും തട്ടുകയില്ല. ചുംബിച്ചില്ലെങ്കിലും ത്വവാഫ് ശരിയാവുന്നതാണ്. അതിന്റെ നേരെയെത്തുമ്പോൾ ദൂരെ നിന്നാണെങ്കിൽ പോലും ആഗ്യംകാണിക്കു കയും തക്ബീർ ചൊല്ലുകയും ചെയ്താൽ മതി.

5. ഹജറുൽ അസ്‌വദിൽ നിന്ന് ബറകത് ആഗ്രഹിച്ചുകൊണ്ട് അതിനെ തൊട്ടുമുത്തുക. ദീനിൽ ഒരടിസ്ഥാനവുമില്ലാത്ത ബിദ്അത്താണത്. സാധിക്കുമെങ്കിൽ അതിനെ തൊടുകയും ചുംബിക്കുകയും ചെയ്യുക എന്നതു മാത്രമാണ് സുന്നത്ത്.

6. കഅ്ബയുടെ മുഴുവൻ മൂലകളും -ചിലപ്പോൾ അതിന്റെ

മുഴുവൻ ചുമർ തന്നെയും- തൊട്ടുമുത്തുകയും തടവുകയും ചെയ്യുക. എന്നാൽ നബി (സ) ഹജറുൽ അസ്‌വദുള്ള മൂലയും റുക്നുൽ യമാനിയും മാത്രമേ സ്പർശിച്ചിട്ടുള്ളൂ.

7. ത്വവാഫിന്റെ ഓരോ ചുററിലും പ്രത്യേകം പ്രത്യേകം ദുആ ചെയ്യുക. എന്നാൽ നബി (സ) ഹജറുൽ അസ്‌വദിന്റെ മൂലയിലെത്തുമ്പോഴെല്ലാം തക്ബീർ ചൊല്ലിയിരുന്നുവെന്നും റുക്നുൽ യമാനിയുടെയും ഹജറുൽ അസ്‌വദിന്റെയും ഇടക്ക്

( رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ )

എന്നു പ്രാർത്ഥിക്കാറുണ്ടായിരുന്നുവെന്നും മാത്രമേ സ്ഥിരപ്പെട്ടിട്ടുള്ളൂ.

8. ത്വവാഫ് ചെയ്യുന്നവരുടെ ഏകാഗ്രത നഷ്ടപ്പെടുന്ന തരത്തിൽ ത്വവാഫ് ചെയ്യുന്ന ചിലരും ത്വവാഫ് ചെയ്യിക്കുന്ന ചിലരും ഉറക്കെ ശബ്ദമുണ്ടാക്കുക.

9. മഖാമു ഇബ്റാഹീമിനടുത്ത് നമസ്കരി ക്കുന്നതിനുവേണ്ടി തിക്കും തിരക്കുമുണ്ടാക്കുക. ത്വവാഫ് ചെയ്യുന്നവർക്ക് അത് ശല്യം ചെയ്യും എന്നതിനു പുറമെ സുന്നതിന് എതിരുമാണത്. മസ്ജിദുൽ ഹറാമിൽ എവിടെ വെച്ചും ത്വവാഫിന്റെ രണ്ട് റക്അത് നമസ്കരിച്ചാൽ മതിയാവുന്നതാണ്.

**മൂന്ന്: സഅ്യിലെ അബദ്ധങ്ങൾ:**

1. സ്വഫായുടെയും മർവയുടെയും മുകളിൽ കയറിയാൽ

ചിലർ കഅ്ബയുടെ നേരെ തിരിഞ്ഞ് നമസ്കാരത്തിന് കൈകെട്ടുന്നതു പോലെ കൈകൊണ്ട് ആംഗ്യം കാണിക്കുന്നു. ഇത്തരത്തിൽ ആഗ്യം കാണിക്കുന്നത് തെററാണ്. കാരണം നബി (സ) പ്രാർത്ഥനക്കു വേണ്ടി കൈകൾ ഉയർത്തുക മാത്രമേ ചെയ്തിരുന്നുള്ളു.

2. ഓരോ പ്രാവശ്യവും സഅ്യിൽ സ്വഫയുടെയും മർവയുടെയും ഇടക്ക് മുഴുവനായി ധൃതിയിൽ ഓടുക. യഥാർത്ഥത്തിൽ രണ്ട് പച്ച അടയാളങ്ങൾക്കിടയിൽ മാത്രം ഓടുകയും ബാക്കിയുള്ള ഭാഗത്ത് നടക്കുകയുമാണ് സുന്നത്ത്.

**നാല്: അറഫായിലെ അബദ്ധങ്ങൾ:**

1. ചില ഹാജിമാർ അറഫാ അതിർത്തിക്കു പുറത്ത് വന്നുനിൽക്കുകയും സൂര്യാസ്തമയം വരെ ഉള്ളിലേക്ക് പ്രവേശിക്കാതിരിക്കുകയും പിന്നെ മുസ്ദലിഫയിലേക്ക്

പിരിഞ്ഞുപോവുകയും ചെയ്യുന്നു. ഇത് ഹജ്ജ് പാഴായിപ്പോകാൻ ഇടവരുത്തുന്ന ഗുരുതരമായ തെററാണ്. കാരണം അറഫയിലെ നിറുത്തമെന്നത് ഹജ്ജിന്റെ മർമ്മമാണ്. അറഫാതിർത്തിക്കുള്ളിൽ നിൽക്കേണ്ടത് നിർബന്ധവുമാണ്. പുറത്തു നിന്നാൽ മതിയാവുകയില്ല.അതിനാൽ ഹാജിമാർ ഇക്കാര്യത്തിൽ

ബദ്ധശ്രദ്ധരായിരിക്കണം. നേരത്തെ തന്നെ അറഫാതിർത്തിക്കുള്ളിൽ പ്രവേശിക്കാൻ സൗകര്യപെട്ടില്ലെങ്കിൽ ചുരുങ്ങിയപക്ഷം സൂര്യാസ്തമനത്തിന് മുമ്പായി അകത്ത് പ്രവേശിക്കുകയും മഗ്രിബ് വരേ അവിടെ കഴിച്ചുകൂട്ടുകയും ചെയ്യണം. ഇനി രാത്രി സമയത്ത്(ബലിദിനരാവിൽ) അവിടെ പ്രവേശിച്ചിരുന്നാലും ഹജ്ജ് നഷ്ടപ്പെടുയില്ല.

2. ചിലർ സൂര്യാസ്തമനത്തിന് മുമ്പെ അറഫായിൽ നിന്നും പിരിഞ്ഞുപോകുന്നു. ഇത് പാടില്ലാത്തതാണ് കാരണം നബി(സ) സൂര്യാസ്തമായം പൂർണമാകുന്നതുവരെ അവിടെ നിൽക്കുകയാണ് ചെയ്തത്.

3. അറഫാ കുന്നിൽ കയറാനും ചിലർ അതിന്റെ ഉച്ചിയിൽ എത്താനും വേണ്ടി തിക്കും തിരക്കുമുണ്ടാക്കുന്നു. ധാരാളമാളുകൾക്ക് അത് മുഖേന ക്ഷ്ടനഷ്ടങ്ങളുണ്ടാകുന്നു.
യദാർഥത്തിൽ അറഫാഭൂമി മുഴുവനും നിൽക്കാവുന്ന സ്ഥലമാണ് അറഫാകുന്നിൽ കയറുന്നതൊ അവിടെ നമസ്കരിക്കുന്നതോ
മതകൽപനയില്ലാത്ത കാര്യമാണ്.

4. ചിലർ ദുആ ചെയ്യുമ്പോൾ അറഫാമലയുടെ നേരെ തിരിഞ്ഞു നിൽക്കുന്നു. ഖിബ്ലക്ക് നേരെയാണ് തിരിഞ്ഞു നിൽക്കൽ സുന്നത്തുള്ളത്.

5. അറഫാ ദിനത്തിൽ ചില പ്രത്യേക സ്ഥലത്ത് കല്ലും മണ്ണും

കൂട്ടിവെക്കുന്നു. ഇതും ശറഇൽ കൽപിക്കപ്പെടാത്ത കാര്യമാണ്.

**അഞ്ച്: മുസ്ദലിഫയിലെ അബദ്ധങ്ങൾ:**

ചില ഹാജിമാർ മുസ്ദലിഫയിലെത്തിയ ഉടനെ മഗ്രിബും ഇശാഉം നമസ്കരിക്കാതെ കല്ല് പെറുക്കുന്നതിൽ വ്യാപൃതരാകുന്നു. ജംറകളിൽ എറിയാനുള്ള കല്ലുകൾ മുസ്ദലിഫയിൽ നിന്ന് തന്നെ പെറുക്കണമെന്ന തെററായ വിശ്വാസമാണവർക്കുള്ളത്.

ഹറമിന്റെ അതിർത്തിക്കുള്ളിലുള്ള ഏതു സ്ഥലത്ത് വെച്ചു കല്ല് പെറുക്കിയാലും മതിയാകുന്നതാണ് എന്നതാണ് ശരി.

നബി(സ) ജംറതുൽ അഖബയിൽ എറിയാനായി മുസ്ദലിഫയിൽ നിന്നും

കല്ല് പെറുക്കിയെടുക്കാൻ കൽപിച്ചില്ലെന്ന് മാത്രമല്ല മുസ്ദലിഫയിൽ നിന്നും പിരിഞ്ഞു പോരുമ്പോൾ മിനായിലേക്ക് പ്രവേശിച്ചപ്പോഴാണ് തനിക്ക് വേണ്ടി കല്ല് പെറുക്കിയെടുക്കുകയുണ്ടായത്. മററു ദിവസങ്ങളിൽ എറിയാനുള്ള കല്ലും മിനായിൽ നിന്ന് തന്നെ പെറുക്കിയെടുക്കുകയായിരുന്നു.

ചിലർ എറിയാനുള്ള കല്ലുകൾ കഴുകി വൃത്തിയാക്കുന്നു. ഇതും ശറഇൽ കൽപിക്കപ്പെടാത്തതാണ്.

**ആറ് : കല്ലെറിയുമ്പോൾ ചെയ്യുന്ന അബദ്ധങ്ങൾ**

1. ജംറകളിൽ കല്ലെറിയുമ്പോൾ പിശാചുക്കളെയാണ് തങ്ങൾ എറിയുന്നതെന്ന വിശ്വാസത്തിൽ ചില ഹാജിമാർ രോഷാകുലരായും ശപിച്ചും

ശകാരിച്ചും എറിയുന്നു. യദാർഥത്തിൽ അല്ലാഹുവിനെ സ്മരിക്കാൻ വേണ്ടി മാത്രമാണ് ജംറകളിൽ കല്ലെറിയുവാൻ കൽപിക്കപെട്ടിട്ടുള്ളത്.

2. വലിയ കല്ലുകൾ, മരക്കഷ്ണങ്ങൾ, ചെരിപ്പുകൾ തുടങ്ങിയവ കൊണ്ട് ചിലർ ജംറകളിൽ എറിയുന്നു. ഇത് നബി(സ) വിരോധിച്ചിട്ടുള്ള മതത്തിൽ അതിരുകവിയുന്നതിൽപെടുന്നതാണ്. ഈ ഏറ് സാധുവാകുകയുമില്ല.

കൂടുതൽ വലുപ്പമില്ലാത്ത ആട്ടിൻകാഷ്ടത്തോട് സാമ്യമായ, വിരലുകൊണ്ട് മിടിക്കാവുന്ന ചെറിയ കല്ലുകൾകൊണ്ടാണ് എറിയാൻ കൽപിക്കപെട്ടിട്ടുള്ളത്.

3. കല്ലെറിയാൻ വേണ്ടി ജംറകളുടെ അരികിൽ തിക്കും തിരക്കും കലഹങ്ങളുമുണ്ടാക്കുന്നത്. വളരെ സൗമ്യമായും ഒരാൾക്കും ഉപദ്രവമേൽക്കതിരിക്കാൻ പരമാവധി സൂക്ഷിച്ചും എറിയാനാണ് മത ശാസനയുള്ളത്.

4. കല്ലുകളെല്ലാം ഒരുമിച്ച് ഒന്നായി എറിയുന്നത്. ഇങ്ങനെ എറിയുന്നത് ഒരു കല്ല് എറിഞ്ഞതായി മാത്രമെ പരിഗണിക്കപ്പെടു കയൊള്ളൂ എന്നാണ് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുള്ളത്.

കല്ലുകൾ ഒന്നിനു പിറകെ മറ്റൊന്നായി, ഓരോന്നിന്റെ കൂടെയും തക്ബീർ ചൊല്ലിയും എറിയാനാണ് കൽപിക്കപെട്ടിട്ടുള്ളത്.

5. സ്വയം എറിയാൻ കഴിവുണ്ടായിട്ടും തിരക്കുകളൊ മററു വിഷമതകളൊ ഭയന്ന് പകരം എറിയാൻ മററുള്ളവരെ ഏൽപിക്കുന്നത്. രോഗം പോലെയുള്ള കാരണങ്ങളാൽ സ്വയം എറിയാൻ സാധിക്കാത്തവർക്ക് മാത്രമേ പകരം എറീയിക്കാൻ അനുവാദമൊള്ളൂ.

**ഏഴ്: ത്വവാഫുൽ വിദാഇലെ അബദ്ധങ്ങൾ**

1. കല്ലേറ് അവസ്സാനിപ്പിക്കുന്നതിന് മുമ്പേ മിനായിൽ നിന്ന് ഹറമിലെത്തി വിടവാങ്ങൽ ത്വവാഫ് ചെയ്ത്, മിനായിലേക്ക് തന്നെ തിരിച്ചെത്തി, കല്ലേറ് പൂർത്തിയാക്കി അവിടെ നിന്ന് നേരെ സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകുന്നു. അതോടെ അയാളുടെ അവസാനത്തെ ബന്ധം

കഅബയോടായിരിക്കില്ല.
ജംറകളോടായിത്തീരുന്നു നബി(സ) പറഞ്ഞതാകട്ടെ

((لاَ يَنْفِـرَنَّ أَحَـدٌ حَتَّـى يَكُـونَ آخِـرُ عَهْـدِهِ بِالْبَيْتِ)) [ رواه مسلم ]

(അവസാനത്തെ ബന്ധം കഅബയോടായി കൊണ്ടല്ലാതെ നിങ്ങളിൽ ഒരാളും പിരിഞ്ഞുപോകരുത്).

അതിനാൽ തന്നെ ഹജ്ജിന്റെ മുഴുവൻ കർമ്മങ്ങളിൽ നിന്നും വിരമിച്ച ശേഷം നാട്ടിലേക്ക് പുറപ്പെടുന്നതിന്റെ തൊട്ടു മുമ്പായിട്ട് ത്വാഫുൽ വിദാഅ് നടത്തണമെന്നത് വാജിബാണ്. അതിനു ശേഷം അവിചാരിതമായ വല്ല

കാരണത്തിനും വേണ്ടി ലഘുവായ നിലക്കല്ലാതെ മക്കയിൽ താമസിക്കാൻ പാടില്ല.

2. ചിലർ വിദാഇന്റെ ത്വവാഫിന് ശേഷം ഖിബിലക്ക് നേരെ മുഖം തിരിച്ച് പുറകിലേക്ക് നടക്കുന്നു. കഅബാലയത്തെ ആദരിക്കാനാണി ങ്ങനെ ചെയ്യുന്നതെന്നാണവരുടെ വാദം. യഥാർത്ഥത്തിൽ ഇത് യാതൊരു അടിസ്ഥാനവു മില്ലാത്ത അനാചാരമാണ്.

3. ചിലർ വിദാഇന്റെ ത്വവാഫിന് ശേഷം മസ്ജിദുൽ ഹറാമിന്റെ കവാടത്തിങ്കൽ വെച്ച് കഅബയിലേക്ക് തിരിഞ്ഞ് നിന്ന് കഅബായോട് യാത്ര പറയുന്ന രൂപത്തിലുള്ള പ്രാർഥനകൾ

ഉരുവിടുന്നു. ഇതും മതകൽപനയില്ലാത്ത അനാചാരമാണ്.

**എട്ട്: മദീനാസന്ദർശനത്തിലെ അബദ്ധങ്ങൾ**

1. റസൂൽ (സ) ന്റെ ഖബർ സന്ദർശിക്കുന്ന വേളയിൽ ബർകത്തെടുക്കാനായി ചിലർ ചുമരുകളിലും ഇരുമ്പഴികളിലും തൊട്ടുതടവുന്നു. ജനലഴികളിൽ നൂലുകളും മററും കെട്ടിവെക്കുന്നു. യദാർഥത്തിൽ അല്ലാഹുവും റസൂലും കൽപിച്ചത് സ്വീകരിക്കുന്നതിലാണ് ബർകതുള്ളത്. അതല്ലാതെ മതത്തിൽ ബിദ്അത്തുകളുണ്ടാക്കുന്നതിലല്ല.

2. ഉഹ്ദ് മലയിലെ ഗുഹയിലേക്ക് പോകുന്നതും മക്കയിലെ ഹിറാ ഗുഹയിലേക്കും ഥൗർ ഗുഹയിലേക്കും

പോകുന്നതും അതിനായി ബുദ്ധിമുട്ട് സഹിക്കുന്നതും അവിടങ്ങളിൽ തുണിക്കഷ്ണങ്ങൾ കെട്ടിവെക്കുന്നതും അല്ലാഹു അനുവദിച്ചുതന്നിട്ടില്ലാത്ത പ്രാർഥനകൾ ചൊല്ലിക്കൊണ്ടിരിക്കുന്നതുമെല്ലാം വിശുദ്ധ മതത്തിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത ബിദ്അത്തുകളിൽ പെട്ടതാകുന്നു.

തിരുനബി(സ) യുടെ അവശിഷ്ടങ്ങളാണെന്ന് പറഞ്ഞ് ഒട്ടകം മുട്ടുകുത്തിയ സ്ഥലം മോതിരക്കിണർ, ഉസ്മാന്റെ കിണർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയും ആ സ്ഥലങ്ങളിൽ നിന്നും പുണ്യം നേടാനായി മണ്ണ് ശേഖരിക്കുകയും ചെയ്യുന്നു.ബഖീഇലെ ഖബ്റുകളും

ഉഹ്ദിലെ ശുഹദാക്കളുടെ ഖബറുകളും സന്ദർശിക്കുമ്പോൾ മരണപെട്ടവരെ വിളിച്ച് തേടുന്നതും അവരുടെ സാമീപ്യം നേടാൻ നാണയങ്ങൾ ഏറിഞ്ഞുകൊടുക്കുന്നതും അവരുടെ പുണ്യം നേടാൻ ശ്രമിക്കുന്നതുമെല്ലാം അതീവ ഗുരുതരമായ പാപങ്ങളിൽ പെട്ടതാണ്.പല മഹാൻമാരും അത് വലിയ ശിർക്കിന്റെ ഗണത്തിൽ എണ്ണിയിട്ടുമുണ്ട്.

വിശുദ്ധ ഖുർആനും പ്രവാചക അദ്ധ്യാപനങ്ങളും അത് തെളീയിക്കുന്നുമുണ്ട്.

കാരണം പ്രാർഥന, ബലികർമ്മങ്ങൾ നേർച്ചകൾ തുടങ്ങിയ മുഴുവനാരാധനകളും അല്ലാഹു

വിന്നല്ലതെ സമർപിക്കാൻ പാടില്ല. അതാണ് അല്ലാഹു പറയുന്നത്:

﴿ وَمَآ أُمِرُوٓاْ إِلَّا لِيَعۡبُدُواْ ٱللَّهَ مُخۡلِصِينَ لَهُ ٱلدِّينَ حُنَفَآءَ وَيُقِيمُواْ ٱلصَّلَوٰةَ وَيُؤۡتُواْ ٱلزَّكَوٰةَۚ وَذَٰلِكَ دِينُ ٱلۡقَيِّمَةِ ﴾ [ سورة البينة الآية :٥ ]

കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം (ബയ്യിന: 5)

വീണ്ടും കാണുക:

﴿وَأَنَّ ٱلْمَسَٰجِدَ لِلَّهِ فَلَا تَدْعُوا۟ مَعَ ٱللَّهِ أَحَدًا﴾

[سورة الجن الآية :١٨]

പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത് എന്നും. (ജിന്ന് : 18)

മുസ്‌ലിം സമൂഹത്തിന് അല്ലാഹു മതബോധവും ദിശാബോധവും നൽകട്ടെ എല്ലാവിധ നാശകാരണങ്ങളിൽ നിന്നും നമ്മെയെല്ലാം അവൻ കാത്ത് രക്ഷിക്കട്ടെ.

# ഹജ്ജും ഉംറയും നിർവഹിക്കുന്നവർ ശ്രദ്ധിക്കേണ്ട ചില നിർദ്ദേശങ്ങൾ

**ഹാജിമാർക്ക് താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമാണ്:**

1. എല്ലാ പാപങ്ങളിൽ നിന്നും പശ്ചാതപിച്ചു മടങ്ങുകയും ഹജ്ജിനും ഉംറക്കും പരിശുദ്ധമായ ധനം തിരഞ്ഞെടുക്കുകയും ചെയ്യുക.

2. കളവ്, പരദൂഷണം, ഏഷണി, പരിഹാസം എന്നിവയിൽ നിന്ന് നാവിനെ സൂക്ഷിക്കുക.

3. ഹജ്ജും ഉംറയും കൊണ്ട് ലോകമാന്യമോ പ്രസിദ്ധിയോ

പൊങ്ങച്ചമോ ഉദ്ദേശിക്കാതെ അല്ലാഹുവിന്റെ പ്രീതിയും പാരത്രിക വിജയവും ലക്ഷ്യമാക്കുക.

4. ഹജ്ജിലും ഉംറയിലും അനുഷ്ഠിക്കേണ്ട കർമ്മങ്ങളെ സംബന്ധിച്ച് പഠിക്കുകയും സംശയമുള്ളത് ചോദിച്ച് മനസ്സിലാക്കുകയും ചെയ്യുക.

5. ഹജ്ജുചെയ്യുന്നയാൾ മീഖാത്തിലെ ത്തിയാൽ 'ഇഫ്റാദോ' 'ഖിറാനോ' 'തമത്തുഓ' ആയിട്ടുള്ള ഏതെങ്കിലും ഒരു രൂപം തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. ബലിമൃഗം കൂടെ കൊണ്ടുപോകുന്നില്ലെങ്കിൽ 'തമത്തു'ആയ രൂപമാണ് ഏററവും ഉത്തമം. ഇനി ബലിമൃഗം കൂടെ

കൊണ്ടുപോകുന്നുണ്ടെങ്കിൽ 'ഖിറാ'ന്റെ രൂപമാണ് ഏററവും ഉത്തമം.

6. ഇഹ്റാം ചെയ്യുന്ന വ്യക്തിക്ക് രോഗത്താലോ ഭീതിയാലോ ഹജ്ജ്കർമ്മം പൂർത്തി യാക്കാൻ സാധിക്കുകയില്ലെന്ന് ആശങ്കയുണ്ടാവുക യാണെങ്കിൽ 'അല്ലാഹുവേ, നീ എന്നെ തടഞ്ഞു വെച്ചേടത്ത് ഞാൻ ഇഹ്റാമിൽ നിന്ന് ഒഴിവാകുന്നതാണ്' എന്ന നിബന്ധനയോടെ ഇഹ്റാമിൽ പ്രവേശിക്കാം.

7. ചെറിയ കുട്ടികളുടെ ഹജ്ജ് സാധുവാകുന്നതാണ്. പക്ഷെ ഇസ്ലാമിലെ നിർബന്ധ ഹജ്ജ് അതുകൊണ്ട് പൂർത്തിയാവുകയില്ല.

8. ഇഹ്റാം ചെയ്ത വ്യക്തിക്ക് കുളിക്കുകയും തലകഴുകുകുകയും ആവശ്യമാണെങ്കിൽ തല ചൊറിയുകയും ചെയ്യാം.

9. അന്യപുരുഷന്മാർ കാണുമെന്ന് ഭയമുണ്ടെങ്കിൽ സ്ത്രീക്ക് മുഖത്ത് മുഖമക്കന തൂക്കിയിടാവുന്നതാണ്.

10. മുഖമക്കന മുഖത്തു നിന്ന് ഉയർന്ന് നിൽക്കാൻ വേണ്ടി പല സ്ത്രീകളും പതിവാക്കി യതുപോലെ മുഖമക്കനക്കു താഴെ കെട്ടുകെട്ടുന്ന തിന് ശറഇൽ ഒരടിസ്ഥാനവുമില്ല.

11. ഇഹ്റാമിൽ പ്രവേശിച്ച ആൾക്ക് ഇഹ്റാമിൽ ധരിച്ച വസ്ത്രങ്ങൾ കഴുകി ധരിക്കുക യോ അവ മാററി വേറെ ഉടുക്കുകയോ ചെയ്യാവുന്നതാണ്.

12. ഇഹ്റാമിൽ പ്രവേശിച്ചവൻ മറന്നു കൊണ്ടോ വിവരമില്ലാതെയോ തുന്നിയ വസ്ത്രം ധരിക്കുകയോ തലമറക്കുകയോ സുഗന്ധം പൂശുകയോ ചെയ്താൽ അതിന് പ്രായശ്ചിത്തം ആവശ്യമില്ല.

13. ഇഹ്റാം ചെയ്ത വ്യക്തി കഅ്ബയുടെ അടുത്തെത്തിയാൽ ത്വവാഫ് ആരംഭിക്കുന്നതിനു മുമ്പായി തൽബിയത്ത് നിർത്തണം.

14 പാദങ്ങൾ അടുത്തുവെച്ചു കൊണ്ട് വേഗത്തിലുള്ള (റമല്) നടത്തം ത്വവാഫിന്റെ ആദ്യത്തെ മൂന്നു ചുററിൽ മാത്രമേ വേണ്ടതുള്ളു. മേൽമുണ്ട് വലത്തെ കക്ഷത്തിനു താഴെ ഇടുന്ന (ഇള്ത്വിബാഅ്) ഖുദൂമിന്റെയൊ ഉംറയുടെയോ ത്വവാഫിൽ മാത്രമേ

വേണ്ടതുള്ളു. അതും പുരുഷന്മാർ മാത്രം ചെ്താൽ മതി. സ്ത്രീകൾ ചെയ്യേണ്ടതില്ല.

15. താൻ ത്വവാഫ് ചെയ്തത് മൂന്നാണോ നാലാണോ എന്ന് സംശയിക്കുകയാണെങ്കിൽ അത് മൂന്നായി പരിഗണിച്ചാൽ മതി. സഅ്യിലും അങ്ങിനെ തന്നെയാണ് വേണ്ടത്.

16. തിരക്കുള്ള സമയത്ത് സംസമിന്റെയും മഖാമു ഇബ്റാഹീമിന്റെയും പിന്നിൽകൂടി ത്വവാഫ് ചെയ്യുന്നതിന് വിരോധമില്ല. മസ്ജിദുൽ ഹറാമിന്റെ താഴെയും മുകളിലുമുള്ള നിലകൾ മുഴുവനായും ത്വവാഫിനുള്ള സ്ഥലമാണ്.

17. ചമയങ്ങളോടും സുഗന്ധം പൂശിയും പർദ്ദാ നിയമം പാലിക്കാതെയും സ്ത്രീകൾ ത്വവാഫ് ചെയ്യുന്നത് നിഷിദ്ധമാണ്.

18. ഇഹ്റാമിനു ശേഷം സ്ത്രീ ഋതുമതിയാവു കയോ പ്രസവിക്കുകയോ ചെയ്താൽ ശുദ്ധിയാവു ന്നതുവരെ കഅ്ബയെ ത്വവാഫ് ചെയ്യാൻ പാടില്ല.

19. സ്ത്രീക്ക് ഇഷ്ടമുള്ള വസ്ത്രം ധരിച്ചുകൊണ്ട് ഇഹ്റാം ചെയ്യാവുന്നതാണ്. എന്നാൽ പുരുഷന്മാരോട് സാദൃശ്യമുള്ള വസ്ത്രം ഉപയോഗിക്കുകയോ അലങ്കാരം സ്വീകരിക്കുകയോ ചെയ്യാൻ പാടില്ല. ആകർഷണമുണ്ടാക്കാത്ത

വസ്ത്രത്തിൽ ഇഹ്റാം ചെയ്യുകയാണ് വേണ്ടത്.

20. ഹജ്ജും ഉംറയുമല്ലാത്ത ഇബാദത്തുകളിൽ നിയ്യത്ത് നാവുകൊണ്ട് ഉച്ചരിക്കൽ നൂതന നിർമ്മിതമായ കാര്യമാണ്. അത് ഉറക്കെ പറയൽ അതിലും മോശമാണ്.

21. ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് വരുന്ന പ്രായപൂർത്തിയെത്തിയ ഏതൊരു മുസ്‌ലിമും ഇഹ്റാം ചെയ്തല്ലാതെ മീഖാത്ത് കടന്ന് പോവാൻ പാടില്ല.

22. ഹജ്ജോ ഉംറയോ ഉദ്ദേശിച്ച് വിമാനമാർഗം യാത്ര ചെയ്യുന്നവർ മീഖാത്തിന്റെ നേരെ എത്തുമ്പോഴാണ് ഇഹ്റാം ചെയ്യേണ്ടത്. വിമാനത്തിൽ കയറുന്നതിനു മുമ്പു തന്നെ

ഇഹ്റാമിനു വേണ്ടിയുള്ള ഒരുക്കങ്ങൾ ചെയ്യുക. വിമാനത്തിൽ വെച്ച് ഉറക്കമോ മറവിയോ സംഭവിക്കുമെന്ന് ഭയന്നാൽ മീഖാത്തിലെത്തുന്നതിന് മുമ്പ് തന്നെ ഇഹ്റാം ചെയ്യാവുന്നതാണ്.

23. ചില ആളുകൾ ചെയ്യുന്ന പോലെ ഹജ്ജിനോ ഉംറക്കോ ശേഷം തൻഈമിലോ ജുഅ്റാനയിലോ പോയി ധാരാളം ഉംറകൾ ചെയ്യുന്നതിന് മതത്തിൽ തെളിവില്ല.

24. തർവിയ്യാ(ദുൽഹിജ്ജ എട്ടിന്) ദിവസം മക്കയിലുള്ള തങ്ങളുടെ താമസസ്ഥലത്ത് വെച്ചാണ് ഹാജിമാർ ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. അധിക പേരും ചെയ്യുന്നപോലെ ഹറ മിന്റെ ഉള്ളിലോ മീസാബിന്റെ (കഅബയുടെ

പാത്തി) അടുത്തൊ വെച്ചാകണമെന്ന ഒരു കൽപനയും ഇല്ല. മിനായിലേക്ക് പുറപ്പെടാനായി വിദാഇന്റെ തവാഫു ചെയ്യേണ്ടതുമില്ല.

25. ദുൽഹിജ്ജ ഒമ്പതിന്ന് മിനായിൽ നിന്നും അറഫായിലേക്ക് പുറപ്പെടുന്നത് സൂരോദയത്തിന് ശേഷമാകുന്നത് ഏററവും ശ്രേഷ്ഠ കരമാണ്.

26. സൂര്യാസ്തമനത്തിന് ശേഷമായിട്ടല്ലാതെ അറഫായിൽ നിന്നും പിരിഞ്ഞുപൊകരുത്. അപ്പോൾ ശാന്തതയോടെയും ഭയഭക്തിയോടെ യുമാണ് അറഫായിൽ നിന്നും പിരിയേണ്ടത്.

27. മഗ്രിബിന്റെ സമയത്താണെ ങ്കിലും ഇശാന്റെ സമയത്താണെങ്കിലും

ശരി. മുസ്ദലിഫയിൽ എത്തിയ ശേഷമാണ് മഗ്രിബും ഇശായും നമസ്കരിക്കേണ്ടത്.

28. ജംറകളിൽ എറിയാനുള്ള കല്ല് മുസ്ദലിഫയിൽ നിന്ന് തന്നെ പെറുക്കണമെന്ന് നിർബന്ധമില്ലാത്തതിനാൽ എവിടെ നിന്ന് പെറുക്കിയാലും മതിയാകുന്നതാണ്.

29. എറിയാനുള്ള കല്ലുകൾ കഴുകൽ സുന്നത്തില്ല നബി(സ)യോ സ്വഹാബിമാരോ അങ്ങിനെ ചെയ്തതായി റിപ്പോർട്ട് ചെയ്യപെട്ടിട്ടില്ല.

30. സ്ത്രീകൾ, കുട്ടികൾ തുടങ്ങിയ ദുർബലർക്ക് രാത്രിയുടെ അവസാനത്തിൽ തന്നെ മുസ്ദലിഫയിൽ നിന്നും മിനായിലേക്ക് പുറപ്പെടാവുന്നതാണ്.

31. ദുൽഹിജ്ജ പത്തിന്ന് ഹാജിമാർ ജംറത്തുൽ അഖബായുടെ അരികിലെത്തുന്നതോടെ തൽബിയത്ത് ചൊല്ലുന്നത് അവസാനിപ്പിക്കേണ്ടതാണ്.

32. ജംറയുടെ തടത്തിനുള്ളിൽതന്നെ എറിഞ്ഞ കല്ലുകൾ നിൽക്കണമെന്നില്ല. ആ സ്ഥാനത്ത് പതിക്കണമെന്നേ നിബന്ധനയുള്ളൂ.

33. പണ്ഡിതന്മാരുടെ ഏററവും ശരിയായ അഭിപ്രായം അറവിനുള്ള സമയം അയ്യാമുത്തശ്‌രീഖിന്റെ അവസാന ദിവസം (ദുഹിജ്ജ:13) സൂര്യാസ്തമയം വരെ നീണ്ടുകിടക്കുന്നുണ്ട്.

34. ദുൽഹിജ്ജ പത്തിന് ചെയ്യുന്ന ‘ത്വവാഫുൽ ഇഫാള’ ഹജ്ജിന്റെ

അവിഭാജ്യ ഘടകമാണ്. അത് നിർവഹിക്കാതെ ഹജ്ജ് ശരിയാവുകയില്ല എന്നാൽ അത് മിനായിലെ താമസങ്ങൾക്ക് ശേഷം നിർവഹിക്കപ്പെടാനായി പിന്തിപ്പിക്കുന്നതിന്ന് കുഴപ്പമില്ല.

35. ഹജ്ജും ഉംറയും ഒരുമിച്ച് ഒരു ഇഹ്റാമിൽ ചെയ്യുന്ന ഖാരിനായ ഹാജിക്ക് ഒരു സഅ്യ് മാത്രമെ നിർബന്ധമുള്ളു. ഇഫ്റാദായി ഹജ്ജ് ചെയ്യുന്നയാൾക്കും ഒരു സഅ്യ് മാത്രമെ നിർബന്ധമുള്ളൂ.

36. പെരുനാൾ ദിവസത്തെ കർമ്മങ്ങൾ: ആദ്യം ജംറതുൽ അഖബയിൽ കല്ലെറിയുക, പിന്നെ ബലിയറുക്കുക, പിന്നെ മുടികളയുകയൊ വെട്ടിക്കുകയോ

ചെയ്യുക, പിന്നെ കഅബത്തിങ്ങൽ വന്ന് ത്വവാഫും സഅ്യും ചെയ്യുക എന്ന ക്രമപ്രകാരം ചെയ്യുന്നത് ഏററവും ഉത്തമമാണ്. എന്നാൽ ചിലത് മറേറതിനെക്കാൾ മുന്തിക്കുന്നതിന് വിരോധമില്ല.

37. താഴെ പറയുന്ന കാര്യങ്ങൾ ചെയ്താൽ പരിപൂർണമായും ഇഹ്റാമിൽ നിന്നും ഒഴിവാകുന്നതാണ്:

ജംറതുൽ അഖബയിൽ കല്ലെറിയുന്നത്.

മുടി വടിച്ച് കളയുകയോ വെട്ടിക്കുകയോ ചെയ്യുക.

ത്വവാഫുൽ ഇഫാളയും സഅ്യും ചെയ്യുക.

38. രണ്ട് ദിവസത്തെ ഏറ് കൊണ്ട് മതിയാക്കി ഒരു ദിവസം നേരത്തെ

മിനായിൽ നിന്നും പുറപ്പെടുന്നവർ ദുൽഹിജ്ജ പന്ത്രണ്ടിന്റെ സൂര്യൻ അസ്തമിക്കുന്നതിന്റെ മുമ്പേമിനായിൽ നിന്നും പുറത്ത് കടക്കണം.

39. ജംറയിൽ കല്ലെറിയാൻ സാധിക്കാത്ത കുട്ടികൾക്ക് പകരമായി രക്ഷിതാവ് എറിഞ്ഞാൽ മതി. അപ്പോൾ ആദ്യം തനിക്ക് വേണ്ടിയും പിന്നെ പകരം എറിയുന്ന ആൾക്ക് വേണ്ടിയുമാണ് എറിയുക.

40. രോഗം കൊണ്ടോ വാർദ്ധക്യം കൊണ്ടോ സ്വന്തമായി എറിയാൻ കഴിയാത്തവർ തങ്ങളുടെ ഏറ് നിർവഹിക്കാൻ മററുള്ളവരെ വക്കാലത്താക്കാവുന്നതാണ്.

41. പകരമായി എറിയുന്നയാൾ ഓരോ ജംറകളിലും എറിയുമ്പോൾ

ഒരേ സ്ഥലത്ത് വെച്ച് തന്നെ ആദ്യം തനിക്ക് വേണ്ടിയും പിന്നെ തന്നെ ഏൽപിച്ചയാൾക്ക് വേണ്ടിയും മൂന്ന് ജംറകളിലും എറിയാവുന്നതാണ്.

42. ഹറമിലെ സ്ഥിരതാമസക്കാരനല്ലെങ്കിൽ മുതമത്തിആയോ ഖാരിനായോ ഹജ്ജ് ചെയ്യുന്ന ആൾ ബലിമൃഗത്തെ നൽകൽ നിർബന്ധമാണ്. ഒരു ആടിനെയോ ഒട്ടകത്തിന്റേയോ പശുവിന്റേയൊ ഏഴിൽ ഒരു ഭാഗം ചേരലോ ആണ് നിർബന്ധം.

43. മുതമത്തിആയോ ഖാരിനായോ ഹജ്ജ് ചെയ്യുന്ന ആൾ ബലിമൃഗത്തെ നൽകാൻ കഴിവില്ലെങ്കിൽ ഹജ്ജ് വേളയിൽ തന്നെ മൂന്ന് നോമ്പും നാട്ടിൽ തിരിച്ചെത്തിയ

ശേഷം ഏഴെണ്ണവും (ആകെ പത്ത്) നോമ്പെടുക്കണം.

44. ഹാജിമാർ അറഫാ ദിനം നോമ്പൊഴിവാക്കേണ്ടതിനായി,
പ്രസ്തുത മൂന്ന് നോമ്പും അറഫാ ദിവസത്തിന്റെ മുമ്പായിരിക്കുന്നതാണ് ഏററവും ഉത്തമം. അതല്ലെങ്കിൽ ആ മൂന്ന് നോമ്പും അയ്യാമുത്തശ്രീഖിന്റെ നാളുകളിൽ നോൽക്കേണ്ടതാണ്.

45. മുകളിൽ പറഞ്ഞ മൂന്ന് നോമ്പുകളും അയ്യാമുത്തശ്രീഖിന്റെ ദിവസങ്ങളേക്കാൾ പിന്തിപ്പിക്കരുത്. അത് തുടർച്ചയായോ ഇടവിട്ടോ നോൽക്കാവുന്നതാണ്. ബാക്കിയുള്ള ഏഴ് നോമ്പെടുക്കുമ്പോഴും തുടർച്ചയായിട്ടാകണമെന്നില്ല.

46. ആർത്തവകാരികളോ പ്രസവാ ശുദ്ധിയുള്ളവരോ ഒഴികെ ബാക്കി എല്ലാ ഹാജിമാരും വിടവാങ്ങൽ ത്വവാഫ് ചെയ്യൽ നിർബന്ധമാണ്.

47. ഹജ്ജിന്റെ മുമ്പോ ശേഷമോ മററു സമയങ്ങളിലൊ മദീനയിലെ മസ്ജിദുന്നബവി സന്ദർശിക്കുന്നത് സുന്നത്താണ്.

48. മസ്ജിദുന്നബവി സന്ദർശിക്കു മ്പോൾ ആദ്യം പള്ളിയിൽ പ്രവേശിച്ച് രണ്ട് റക്അത്ത് തഹിയ്യത്ത്, സൗകര്യമെങ്കിൽ റൗളാ ശരീഫിൽ വെച്ചും അല്ലെങ്കിൽ പള്ളിയുടെ ഏത് ഭാഗത്ത് വെച്ചും നമസ്കരിക്കുക.

49. നബി(സ)യുടെ ഖബ്റോ മററു ഖബ്റുകളോ സന്ദർശിക്കുന്നത് പുരുഷൻമാർക്ക് മാത്രമാണ്

സുന്നത്തായിട്ടുള്ളത് സ്ത്രീകൾക്കില്ല. അതു തന്നെ, അതിന് വേണ്ടിയുള്ള പുണ്യയാത്ര സംഘടിപ്പിച്ചാകരുത് എന്ന നിബന്ധനയോടെയുമാണ്.

50. തിരുമേനിയുടെ ഖബ്റുള്ള മുറി തൊട്ടുതടവുന്നതോ ചുമ്പിക്കുന്നതോ അതിന്ന് ചുററും ത്വവാഫ് ചെയ്യുന്നതൊ അങ്ങേയററം വെറുക്കപ്പെട്ടതും സലഫുസ്സ്വാലിഹീങ്ങളൊന്നും ചെയ്തതായി തെളിവില്ലാത്തതുമാണ്. നബി(സ) യുടെ സാമീപ്യം നേടാനാണ് ഇതെല്ലാം ചെയ്യുന്നതെങ്കിൽ വമ്പിച്ച ശിർക്കുമാണ്.

51. ആഗ്രഹ സഫലീകരണത്തിനോ ദോശവിമുക്തിക്കോ വേണ്ടി

നബി(സ)യോട് തേടുന്നതും ശിർക്കാണ്.

52. നബി (സ) യുടെ ഖബ്റിലെ ജീവിതം ബർസഖിയായ ജീവിതമാണ്. അത് മരണത്തിന് മുമ്പുള്ള ജീവിതം പൊലെയല്ല. ആ ജീവിതത്തിന്റെ അവസ്ഥയും രൂപവും അല്ലാഹുവിന്ന് മാത്രമേ അറിയുകയൊള്ളൂ.

53. ചില സന്ദർശകർ പ്രവാചകന്റെ ഖബറിലേക്ക് തിരിഞ്ഞ് നിന്ന് കൈകളുയർത്തി ദുആ ചെയ്യുന്നു. ഇത് പിൽകാലത്ത് കടന്ന്കൂടിയ ബിദ്അത്താണ്.

54. ചില സധാരണക്കാർ തെററു ദ്ധരിക്കുന്നതുപോലെ പ്രവാചകന്റെ ഖബ്ർ സന്ദർശിക്കുന്നത് ഹജ്ജിന്റെ നിർബന്ധ കർമ്മമോ ഉപാധിയോ അല്ല,

55. പ്രവാചകന്റെ ഖബ്ർ ലക്ഷ്യം വെച്ച് ദൂര സ്ഥലങ്ങളിൽ നിന്നും പുണ്യ യാത്ര പുറപ്പെടുന്നതിനെ ന്യായീകരിക്കുന്നവർ തെളിവ് പിടിക്കുന്ന ഹദീസുകളെല്ലാം ദുർബലമായതോ കെട്ടിച്ചമച്ചതോ മാത്രമാണ്.

*****************

# തിരഞ്ഞെടുത്ത ചില പ്രാർത്ഥനകൾ

( اللَّهُمَّ إِنِّي أَسْـأَلُكَ الْعَفْـوَ وَالْعَافِيَـةَ فِي دِينِـي وَدُنْيَـايَ وَأَهْلِي وَمَالِي ، اللَّهُمَّ اسْتُرْ عَوْرَاتِي وَآمِنْ رَوْعَاتِي، اللَّهُمَّ احْفَظْنِي مِنْ بَيْنِ يَدَيَّ وَمِنْ خَلْفِـي وَعَـنْ يَمِينِـي وَعَـنْ شِمَالِي وَمِنْ فَوْقِي وَأَعُوذُ بِعَظَمَتِكَ أَنْ أُغْتَالَ مِنْ تَحْتِي)

(അല്ലാഹുവേ, എന്റെ ദീനിലും ദുൻയാവിലും കുടുംബത്തിലും ധനത്തിലും നിന്റെ വിട്ടുവീഴ്ചയും സൗഖ്യവും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, നീ എന്റെ ഗോപ്യങ്ങൾ മറക്കുകയും എന്റെ ഭീതിയകററി നിർഭയാവസ്ഥ പ്രദാനം

ചെയ്യുകയും ചെയ്യേണമേ. അല്ലാഹുവേ, നീ എന്നെ എന്റെ മുമ്പിൽ നിന്നും പിന്നിൽ നിന്നും വലതുഭാഗത്തുനിന്നും ഇടതു ഭാഗത്തു നിന്നും മുകളിൽ നിന്നും സംരക്ഷിക്കേണമേ! എന്റെ താഴ്ഭാഗത്തു നിന്ന് ചതിയിലൂടെ വധിക്കപ്പെടുന്നതിൽ നിന്ന് നിന്റെ മഹത്വത്തിൽ ഞാൻ അഭയം തേടുന്നു).

( اللَّهُمَّ عَافِنِي فِي بَـدَنِي ، اللَّهُـمَّ عَـافِنِي فِي سَـمْعِي ، اللَّهُمَّ عَافِنِي فِي بَصَرِي لَا إِلَهَ إِلَّا أَنْتَ ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْكُفْرِ وَالْفَقْرِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَـذَابِ الْقَبْرِ لَا إِلَهَ إِلَّا أَنْتَ )

(അല്ലാഹുവേ, നീ എന്റെ ശരീരത്തിന് സൗഖ്യം പ്രദാനം ചെയ്യേണമേ, നീ എന്റെ കാതിന് സൗഖ്യം പ്രദാനം ചെയ്യേണമേ അല്ലാഹുവേ, നീ എന്റെ കണ്ണിന് സൗഖ്യം നൽകേണമേ! നീയല്ലാതെ ഒരു ഇലാഹുമില്ല. അല്ലാഹുവേ, സത്യനിഷേധത്തിൽ നിന്നും ദാരിദ്ര്യ ത്തിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും നിന്നിൽ ഞാൻ അഭയം തേടുന്നു. നീയല്ലാതെ ഒരു ഇലാഹുമില്ല).

( اللَّهُمَّ أَنْتَ رَبِّي لَا إِلَهَ إِلَّا أَنْتَ خَلَقْتَنِـي وَأَنَـا عَبْـدُكَ

وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ

مَا صَنَعْتُ أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ لَكَ بِذَنْبِي

فَاغْفِرْ لِي فَإِنَّهُ لَا يَغْفِرُ الذُّنُوبَ إِلَّا أَنْتَ )

(അല്ലാഹുവേ, നീയാണ് എന്റെ നാഥൻ, നീയല്ലാതെ ഒരു ഇലാഹുമില്ല. നീയാണ് എന്നെ സൃഷ്ടിടിച്ചത്. ഞാൻ നിന്റെ അടിമയാണ്. ഞാൻ നിന്നോട് ചെയ്ത കരാറും വാഗ്ദാനവും എനിക്ക് സാധിക്കുംവിധം ഞാൻ നിറവേററുന്നവനാണ്. ഞാൻ ചെയ്തുപോയ തിന്മയിൽ നിന്ന് നിന്നിൽ അഭയം തേടുന്നു. നീ എനിക്ക് ചെയ്ത അനുഗ്രഹം ഞാൻ ഏററു പറയുന്നു. ഞാൻ എന്റെ പാപങ്ങളിൽ പശ്ചാതപിച്ചു മടങ്ങുന്നു. അതിനാൽ നീ

എനിക്ക് പൊറുത്തുതരേണമേ! പാപം പൊറുക്കാൻ നീ യല്ലാതെ ആരുമില്ല.

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْهَمِّ وَالْحَزَنِ ، وَالْعَجْزِ وَالْكَسَلِ ، وَالْجُبْنِ وَالْبُخْلِ ، وَضَلَعِ الدَّيْنِ وَقَهْرِ الرِّجَالِ )

(മനസ്താപത്തിൽ നിന്നും ദുഖത്തിൽ നിന്നും അല്ലാഹുവേ, ഞാൻ നിന്നിൽ അഭയം തേടുന്നു. ദൗർബല്യത്തിൽ നിന്നും ആലസ്യത്തിൽ നിന്നും ലുബ്ധിൽ നിന്നും ഭീരുത്വത്തിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു. കടം കൊണ്ട് വലയുന്നതിൽ നിന്നും ആളുകൾ കീഴ് പ്പെടുത്തുന്നതിൽ

നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.)

اللَّهُمَّ اجْعَلْ أَوَّلَ هَذَا الْيَوْمَ صَلاَحاً ، وَأَوْسَطَهُ فَلاَحاً وَآخِرَهُ نَجَاحاً ، وَأَسْأَلُكَ خَـيْرَيِ الـدُّنْيَا وَالْآخِـرَةِ يَـا أَرْحَمَ الرَّاحِمِينَ

(അല്ലാഹുവേ, ഈ ദിവസത്തിന്റെ ആദ്യത്തെ നന്മയും, മധ്യത്തെ വിജയവും അവസാനത്തെ മോക്ഷവുമാക്കേണമേ! കാരുണ്യവാന്മാരിൽ പരമകാരുണികനേ, ഐഹികവും പാരത്രികവുമായ നന്മകൾ ഞാൻ നിന്നോട് തേടുന്നു.)

( أَسْأَلُكَ اللَّهُمَّ الرِّضَا بَعْدَ الْقَضَاءِ ، وَبَرْدَ الْعَيْشِ بَعْدَ الْمَمَاتِ ، وَلَذَّةَ النَّظَرِ إِلَى وَجْهِكَ ، وَالشَّوْقَ إِلَى لِقَائِكَ ، مِنْ غَيْرِ ضَرَّاءَ مُضِرَّةٍ وَلَا فِتْنَةٍ مُضِلَّةٍ ، أَعُوذُ بِكَ اللَّهُمَّ أَنْ أَظْلِمَ أَوْ أُظْلَمَ ، أَوْ أَعْتَدِيَ أَوْ يُعْتَدَى عَلَيَّ ، أَوْ أَكْتَسِبَ خَطِيئَةً مُحْبِطَةً ، أَوْ ذَنْبًا لَا يُغْفَرُ )

(അല്ലാഹുവേ, നിന്റെ വിധിക്കുശേഷം ആത്മ സംതൃപ്തിയും, മരണശേഷം സുഖജീവിതവും, നിന്റെ മഹത്വമാർന്ന മുഖം ദർശിക്കുന്നതിലുള്ള ആസ്വാദനവും, ഉപദ്രവകരമായ വിഷമമോ മാർഗ്ഗഭ്രംശം സംഭവിക്കുന്ന നാശമോ കൂടാതെ നീയുമായുള്ള

കൂടികാഴ്ചയും ഞാൻ നിന്നോട് തേടുന്നു. ഞാൻ അക്രമിക്കുന്നതിൽ നിന്നും അക്ര മിക്കപ്പെടുന്നതിൽ നിന്നും, അതിക്രമം പ്രവർത്തി ക്കുന്നതിൽ നിന്നും അതിക്രമം പ്രവർത്തിക്കപ്പെടു ന്നതിൽ നിന്നും, നീ പൊറുക്കാത്ത അബദ്ധമോ കുററമോ ചെയ്യുന്നതിൽ നിന്നും നിന്നോട് അഭയം തേടുന്നു).

( اللّٰهُمَّ إِنِّي أَعُوذُ بِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ )

(അല്ലാഹുവേ, ഏററവും മോശമായ വാർധക്യാവസ്ഥയിലേക്ക് മടക്കപ്പെടുന്നതിൽ നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു.)

( اللَّهُمَّ وَاهْدِنِي لِأَحْسَنِ الْأَخْلَاقِ لَا يَهْدِي لِأَحْسَنِهَا إِلَّا أَنْتَ ، وَاصْرِفْ عَنِّي سَيِّئَهَا لَا يَصْرِفُ عَنِّي سَيِّئَهَا إِلَّا أَنْتَ )

(അല്ലാഹുവേ, ഏററവും ഉൽകൃഷ്ടമായ കർമ സ്വഭാവങ്ങൾക്ക് നീ എനിക്ക് മാർഗദർശനം ചെയ്യേണമേ! ഏററവും ഉത്തമമായ കർമസ്വഭാവങ്ങളിലേക്ക് മാർഗദർശനം ചെയ്യുവാൻ നീയല്ലാതെ ആരുമില്ല. മോശമായ സ്വഭാവങ്ങളെ നീ എന്നിൽ നിന്ന് തിരിച്ചു കളയേണമേ! അത്തരം സ്വഭാവങ്ങളെ എന്നിൽ നിന്ന് തിരിച്ചുകളയാൻ നീയല്ലാതെ ആരുമില്ല.)

( اللَّهُمَّ أَصْلِحْ لِي دِينِي، وَوَسِّعْ لِي فِي دَارِي، وَبَارِكْ لِي فِي رِزْقِي)

(അല്ലാഹുവേ, നീ എനിക്ക് എന്റെ ദീൻ നന്നാക്കിത്തരേണമേ! എന്റെ വീടിന് വിശാലത നൽകേണമേ! എന്റെ ആഹാരത്തിൽ അനുഗ്രഹം പ്രദാനം ചെയ്യേണമേ!.)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْقَسْوَةِ وَالْغَفْلَةِ وَالذِّلَّةِ وَالْمَسْكَنَةِ ، وَأَعُوذُ بِكَ مِنَ الْكُفْرِ وَالْفُسُوقِ وَالشِّقَاقِ وَالسَّمْعَةِ وَالرِّيَاءِ )

(അല്ലാഹുവേ, കാഠിന്യം, അശ്രദ്ധ, നിന്ദ്യത എന്നിവയിൽ നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു.

സത്യനിഷേധം, അധർമം, ഭിന്നിപ്പ്, ദുഷ്കീർത്തി, ലോകമാന്യത എന്നിവയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു).

( وَأَعُوذُ بِكَ مِنَ الصَّمَمِ وَالْبُكْمِ وَالْجُذَامِ وَسَيِّءِ الْأَسْقَامِ )

(ബധിരത, മൂകത, കുഷ്ഠം, മററു ദുഷിച്ച രോഗങ്ങൾ എന്നിവയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു)

( اللَّهُمَّ آتِ نَفْسِي تَقْوَاهَا ، وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا ، أَنْتَ وَلِيُّهَا وَمَوْلَاهَا )

(അല്ലാഹുവവേ, എന്റെ മനസ്സിന് നീ ഭയഭക്തി പ്രധാനം ചെയ്യേണമേ! അതിനെ സംസ്കരിക്കേണമേ! അതിനെ സംസ്കരിക്കുന്നവരിൽ ഉത്തമനത്രെ നീ. അതിന്റെ രക്ഷാധികാരിയും യജമാനനും നീ തന്നെ)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عِلْمٍ لَا يَنْفَعُ ، وَمِنْ قَلْبٍ لَا يَخْشَعُ ، وَمِنْ نَفْسٍ لَا تَشْبَعُ ، وَمِنْ دَعْوَةٍ لَا يُسْتَجَابُ لَهَا)

(അല്ലാഹുവേ, പ്രയോജനരഹിതമായ അറി വിൽ നിന്നും ഭയഭക്തിയില്ലാത്ത ഹൃദയത്തിൽ നിന്നും സംതൃപ്തിവരാത്ത മനസ്സിൽ നിന്നും ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ مَا عَمِلْتُ وَشَرِّ مَا لَمْ أَعْمَلْ وَأَعُوذُ بِكَ مِنْ شَرِّ مَا عَلِمْتُ وَشَرِّ مَا لَمْ أَعْلَمْ)

(അല്ലാഹുവേ, ഞാൻ പ്രവർത്തിച്ചതിന്റെ തിന്മയിൽ നിന്നും പ്രവർത്തിക്കാത്തതിന്റെ തിന്മയിൽ നിന്നും നിന്നിൽ അഭയം തേടുന്നു. ഞാൻ മനസ്സിലാക്കിയ തിന്മയിൽ നിന്നും മനസ്സിലാക്കാത്ത തിന്റെ തിന്മയിൽ നിന്നും നിന്നോട് അഭയം തേടുന്നു)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ زَوَالِ نِعْمَتِكَ ، وَتَحَوُّلِ عَافِيَتِكَ ، وَفُجَاءَةِ نِقْمَتِكَ وَجَمِيعِ سَخَطِكَ )

(അല്ലാഹുവേ, നിന്റെ അനുഗ്രഹം നീങ്ങിപ്പോകുന്നതിൽ നിന്നും നീ

നൽകിയ സൗഖ്യം മാറിപ്പോകുന്നതിൽ നിന്നും നിന്റെ ശിക്ഷ പെട്ടെന്ന് വരുന്നതിൽ നിന്നും നിന്റെ എല്ലാ വിധ കോപത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ الْهَدْمِ وَالتَّرَدِّي وَالْغَرَقِ وَالْحَرِيقِ وَالْهَرَمِ )

(അല്ലാഹുവേ, വീട് തകർന്നു വീണും ഉയർച്ചയിൽ നിന്ന് വീണും വെള്ളത്തിൽ മുങ്ങിയും തീ പൊള്ളലേററും മരിക്കുന്നതിൽ നിന്നും വാർധക്യത്തിന്റെ നിസ്സഹായതയിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു)

( وَأَعُوذُ بِكَ أَنْ يَتَخَبَّطَنِي الشَّيْطَانُ عِنْدَ الْمَوْتِ ، وَأَنْ أُقْتَلَ فِي سَبِيلِكَ مُدْبِرًا وَأَنْ أَمُوتَ لَدِيغًا ، وَأَعُوذُ بِكَ مِنْ طَمْعٍ يَهْدِي إِلَى طَبْعٍ )

(മരണവേളയിൽ പിശാച് എന്നെ വഴിപിഴപ്പിക്കുന്നതിൽ നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു. വിഷബാധയേററ് മരിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. പ്രകൃതിയായിത്തീർന്നേക്കാവുന്ന അത്യാഗ്രഹത്തിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الْأَخْلاَقِ وَالْأَعْمَالِ
والْأَهْوَاءِ وَالْأَدْوَاءِ

(അല്ലാഹുവേ, മോശമായ സ്വഭാവങ്ങളിൽ നിന്നും കർമങ്ങളിൽ നിന്നും ഇച്ഛകളിൽ നിന്നും രോഗങ്ങളിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു)

( وَأَعُوذُ بِكَ مِنْ غَلَبَةِ الدَّيْنِ ، وَقَهْرِ الرِّجَالِ ، وَشَمَاتَةِ
الْأَعْدَاءِ )

(കടത്തിന്റെ ആധിപത്യത്തിൽ നിന്നും ശത്രുവിന്റെ അടക്കിവാഴ്ചയിൽ നിന്നും ശത്രുക്കൾ എന്റെ കാര്യത്തിൽ

സന്തോഷിക്കുന്നതിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു)

( رَبِّ تَقَبَّلْ تَوْبَتِي ، وَاغْسِلْ حَوْبَتِي ، وَأَجِبْ دَعْوَتِي ، وَثَبِّتْ حُجَّتِي ، وَاهْدِ قَلْبِي ، وَسَدِّدْ لِسَانِي ، وَاسْلُلْ سَخِيمَةَ صَدْرِي )

(നാഥാ! നീ എന്റെ പശ്ചാതാപം സ്വീകരിക്കേണമേ! എന്റെ പാപം കഴുകിക്കളയേണമേ! എന്റെ പ്രാർത്ഥനക്ക് ഉത്തരം ചെയ്യേണമേ! എന്റെ ന്യായത്തിന് സ്ഥിരത നൽകേണമേ! എന്റെ ഹൃദയത്തിന് മാർഗദർശനം ചെയ്യേണമേ! എന്റെ നാവിനെ ശരിപ്പെടുത്തേണമേ! എന്റെ

ഹൃദയ ത്തിലെ വിദ്വേഷം നീക്കിക്കളയേണമേ!)

( اللَّهُمَّ أَصْلِحْ لِي دِينِـي الَّـذِي هُـوَ عِصْـمَةُ أَمْـرِي ، وَأَصْلِحْ لِي دُنْيَايَ الَّتِي فِيهَا مَعَاشِي ، وَأَصْلِحْ لِي آخِرَتِي الَّتِي فِيهَا مَعَادِي ، وَاجْعَلْ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ ، وَاجْعَلِ الْمَوْتَ رَاحَةً لِي مِنْ كُلِّ شَرٍّ )

(അല്ലാഹുവേ, എന്റെ രക്ഷാകവചമായ ദീനിനെ നീ നന്നാക്കിത്തരേണമേ! എന്റെ ഉപജീവനം നിലക്കൊള്ളുന്ന ദുനിയാവും നീ എനിക്ക് നന്നാക്കിത്തരേണമേ! എന്റെ മടക്ക സ്ഥാനം നിലക്കൊള്ളുന്ന ആഖിറതും

നീ എനിക്ക് നന്നാക്കിത്തരേണമേ! ജീവിതത്തെ എനിക്ക് ഗുണസമ്പൂർണമാക്കിത്തരേണമേ! മരണത്തെ എനിക്ക് എല്ലാ തിന്മകളിൽ നിന്നുമുള്ള ആശ്വാസവും ആക്കി ത്തരേണമേ)

(رَبِّ أَعِنِّي وَلَا تُعِنْ عَلَيَّ وَانْصُرْنِي وَلَا تَنْصُرْ عَلَيَّ

وَاهْدِنِي وَيَسِّرْ الْهُدَى لِي)

(എന്റെ നാഥാ! നീ എന്നെ സഹായിക്കേണമേ! എനിക്കെതിരിൽ സഹായിക്കരുതേ! നീ എനിക്ക് വിജയം നൽകേണമേ! നീ എനിക്കെതിരിൽ വിജയം നൽകരുതേ! നീ എനിക്ക് മാർഗദർശനം ചെയ്യേണ മേ! സന്മാർഗം എനിക്ക് എളുപ്പമാക്കിത്തരേണമേ!)

( رَبِّ اجْعَلْنِي لَكَ شَكَّارًا لَكَ ذَكَّارًا لَـكَ مِطْوَاعًـا لَـكَ مُخْبِتًا إِلَيْكَ أَوَّاهًا مُنِيبًا )

(അല്ലാഹുവേ, നീ എന്നെ നിന്നെ കൂടുതൽ സ്മരിക്കുന്നവനും നിന്നോട് നന്ദി കാണിക്കുന്നവനും നിന്നെ അനുസരിക്കുന്നവനും നിന്നോട് വിനയം കാണിക്കുന്നവനും ആർദ്രതയുള്ളവനും പശ്ചാത പിച്ചുമടങ്ങുന്നവനു മാക്കേണമേ!)

( اللَّهُمَّ إِنِّي أَسْأَلُكَ الثَّبَاتَ فِي الأَمْرِ وَالْعَزِيمَةَ عَلَى الرُّشْدِ )

(അല്ലാഹുവേ, കാര്യത്തിന്റെ സ്ഥിരതയും സന്മാർഗത്തിൽ

നിശ്ചയദാർഢ്യവും ഞാൻ നിന്നോട് ചോദിക്കുന്നു).

( وَأَسْأَلُكَ شُكْرَ نِعْمَتِكَ ، وَأَسْأَلُكَ حُسْنَ عِبَادَتِـكَ ، وَأَسْأَلُكَ قَلْبًا سَلِيمًا وَأَسْأَلُكَ لِسَانًا صَادِقًا )

(നിന്റെ അനുഗ്രഹത്തിന് നന്ദി കാണിക്കാനും നല്ല നിലയിൽ നിനക്ക് ഇബാദത് ചെയ്യുവാനും നീ എന്നെ അനുഗ്രഹിക്കേണമേ! സുരക്ഷിതമായ ഹൃദയവും സത്യസന്ധമായ നാവും ഞാൻ നിന്നോട് ചോദിക്കുന്നു)

( وَأَسْأَلُكَ مِنْ خَيْرِ مَا تَعْلَمُ ، وَأَعُوذُ بِكَ مِـنْ شَرِّ مَـا تَعْلَمُ ، وَأَسْتَغْفِرُكَ لِمَا تَعْلَمُ ، إِنَّكَ أَنْتَ عَلَّامُ الْغُيُوبِ )

(നീ അറിയുന്നതിൽ ഏററവും ഉത്തമമായത് ഞാൻ നിന്നോട് ചോദിക്കുന്നു. നിനക്കറിയാവുന്ന തിന്മയിൽ നിന്ന് ഞാൻ നിന്നിൽ അഭയം തേടുന്നു. നിനക്കറിയാവുന്നതിൽ നിന്ന് ഞാൻ നിന്നോട് പാപമുക്തി തേടുന്നു. എല്ലാ അദൃശ്യങ്ങളും അറിയുന്നവനാണല്ലോ നീ)

( اللَّهُمَّ أَلْهِمْنِي رُشْدِي ، وَقِنِي شَرَّ نَفْسِي )

(അല്ലാഹുവേ, നീ എനിക്ക് സന്മാർഗം തോന്നിപ്പിച്ചു തരേണമേ! എന്റെ മനസ്സിന്റെ തിന്മയിൽ നിന്ന് എനിക്ക് രക്ഷനൽകുകയും ചെയ്യേണമേ)

( اللَّهُمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ وَتَرْكَ الْمُنْكَرَاتِ وَحُبَّ الْمَسَاكِينِ ، وَأَنْ تَغْفِرَ لِي وَتَرْحَمْنِي ، وَإِذَا أَرَدْتَ بِعِبَادِكَ فِتْنَةً فَاقْبِضْنِي إِلَيْكَ غَيْرَ مَفْتُونٍ )

**(അല്ലാഹുവേ, സൽകർമം പ്രവർത്തിക്കാനും തിന്മ കൾ ഉപേക്ഷിക്കുവാനും അഗതികളെ സ്നേഹിക്കുവാ നും നീ എനിക്ക് ഉദവി നൽകേണമേ! എനിക്ക് നീ പൊറുത്തുതരികയും എന്നോട് കാരുണ്യം കാണിക്കുകയും ചെയ്യണമേ! നീ നിന്റെ അടിമകളെ നാശത്തിൽ അകപ്പെടുത്താൻ ഉദ്ദേശിച്ചാൽ എന്നെ നാശത്തിൽ**

അകപ്പെടുത്താതെ നിന്നിലേക്ക് മരിപ്പിക്കേണമേ!)

اللَّهُمَّ إِنِّي أَسْأَلُكَ حُبَّكَ وَحُبَّ مَنْ يُحِبُّكَ وَحُبَّ كُلَّ عَمَلٍ يُقَرِّبُنِي إِلَى حُبِّكَ

(അല്ലാഹുവേ, നിന്നെ സ്നേഹിക്കുവാനും നിന്നെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാനും നിന്റെ സ്നേഹത്തിലേക്ക് എന്നെ അടുപ്പിക്കുന്ന എല്ലാ കർമ്മങ്ങളേയും സ്നേഹിക്കുവാനും എന്നെ അനുഗ്രഹിക്കേണമേ!)

( اللَّهُمَّ إِنِّي أَسْأَلُكَ خَيْرَ الْمَسْأَلَةِ ، وَخَيْرَ النَّجَاحِ ، وَخَيْرَ الثَّوَابِ )

(അല്ലാഹുവേ, ഞാൻ നിന്നോട് നല്ല ചോദ്യവും നല്ല പ്രാർത്ഥനയും, നല്ല വിജയവും നല്ല പ്രതിഫലവും തേടുന്നു)

وَثَبِّتْنِي وَثَقِّلْ مَوَازِينِي ، وَحَقِّقْ إِيمَانِي ، وَارْفَعْ دَرَجَتِي ، وَتَقَبَّلْ صَلاَتِي وَعِبَادَاتِي ، وَاغْفِرْ خَطِيئَاتِي ، وَأَسْأَلُكَ الدَّرَجَاتَ الْعُلَى مِنَ الْجَنَّةِ )

(എന്നെ ഉറപ്പിച്ചുനിർത്തേണമേ! എന്റെ തുലാസ് ഭാരമുള്ളതാക്കേണമേ! എന്റെ വിശ്വാസം സാക്ഷാൽക്കരിച്ചു തരേണമേ! എന്റെ പദവികൾ ഉയർത്തേണമേ! എന്റെ നമസ്കാരവും മററു ഇബാദത്തുകളും സ്വീകരിക്കേ ണമേ! എന്റെ പാപങ്ങൾ പൊറുത്തു

തരേണമേ! ഞാൻ നിന്നോട് സ്വർഗത്തിലെ ഉന്നത പദവികൾ തേടുന്നു)

( اللَّهُمَّ إِنِّي أَسْأَلُكَ فَوَاتِحَ الْخَيْرِ وَخَوَاتِمَهُ وَجَوَامِعَهُ ، وَأَوَّلَهُ وَآخِرَهُ ، وَظَاهِرَهُ وَبَاطِنَهُ ، وَالدَّرَجَاتِ الْعُلَى مِنَ الْجَنَّةِ )

(അല്ലാഹുവേ, ഞാൻ നിന്നോട് നന്മയുടെ ആരംഭവും പര്യവസാനവും ചോദിക്കുന്നു. സമഗ്രമായ നന്മയും അതിന്റെ ആദ്യവും അന്ത്യവും ബാഹ്യവും ആന്തരികവും സ്വർഗത്തിലെ ഉന്നതമായ പദവികളും ചോദിക്കുന്നു)

( اللَّهُمَّ إِنِّي أَسْأَلُكَ أَنْ تَرْفَعَ ذِكْرِي ، وَتَضَعَ وِزْرِي ، وَتَطْهَرَ قَلْبِي ، وَتُحْصِنَ فَرْجِي ، وَتَغْفِرَ لِي ذَنْبِي )

(അല്ലാഹുവേ, എന്റെ കീർത്തി ഉയർത്താനും എന്റെ പാപം ഇറക്കിവെക്കാനും എന്റെ ഹൃദയത്തെ ശുദ്ധീകരിക്കാനും എന്റെ ഗുഹ്യസ്ഥാനത്തിന് സുരക്ഷ നൽകുവാനും എന്റെ പാപം പൊറുത്തു തരാനും നിന്നോട് അപേക്ഷിക്കുന്നു)

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ ، وَدَرَكِ الشَّقَاءِ ، وَسُوءِ الْقَضَاءِ وَشَمَاتَةِ الْأَعْدَاءِ )

(അല്ലാഹുവേ, കഠിനമായ പരീക്ഷണങ്ങളിൽ നിന്നും

ദൗർഭാഗ്യബാധയിൽ നിന്നും വിധിയുടെ ദുര്യോഗത്തിൽ നിന്നും ശത്രുക്കൾ എന്റെ ദുരിതം മൂലം സന്തുഷ്ടരാകുന്നതിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു.)

( اللَّهُمَّ إِنِّي أَسْأَلُكَ أَنْ تُبَارِكَ فِي سَمْعِي ، وَفِي بَصَرِي ، وَفِي خَلْقِي ، وَفِي خُلُقِي ، وَفِي أَهْلِي ، وَفِي مَحْيَايَ ، وَفِي عَمَلِي ، وَتَقَبَّلْ حَسَنَاتِي ، وَأَسْأَلُكَ الدَّرَجَاتَ الْعُلَى مِنَ الْجَنَّةِ )

(അല്ലാഹുവേ, നീ എന്റെ കേൾവിയിലും കാഴ്ചയിലും ആത്മാവിലും ശരീരത്തിലും സ്വഭാവത്തിലും കുടുംബത്തിലും

ജീവിതത്തിലും കർമത്തിലും അനുഗ്രഹം ചൊരിയേണമേ! സ്വർഗത്തിലെ ഉന്നത പദവികൾ നിന്നോട് ഞാൻ ചോദിക്കുന്നു)

( يَا مُقَلِّبَ الْقُلُوبِ ثَبِّتْ قَلْبِي عَلَى دِينِكَ ، اللَّهُمَّ مُصَرِّفَ الْقُلُوبِ صَرِّفْ قُلُوبَنَا عَلَى طَاعَتِكَ )

(ഹൃദയങ്ങളെ മറിച്ചു കളയുന്നവനായ അല്ലാഹു വേ, നീ എന്റെ ഹൃദയത്തെ നിന്റെ ദീനിൽ ഉറപ്പിച്ചു നിർത്തേണമേ! ഹൃദയങ്ങളെ തിരിച്ചുകളയുന്ന അല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങളെ നിന്റെ അനുസരണത്തിലേക്ക് തിരിക്കേണമേ! )

( اللَّهُمَّ إِنِّي أَسْأَلُكَ الصَّحَّةَ وَالْعِفَّةَ، وَحُسْنَ الْخُلُقِ وَالرِّضَاءَ بِالْقَدْرِ )

(അല്ലാഹുവേ, ഞാൻ നിന്നോട് ആരോഗ്യവും ആത്മവിശുദ്ധിയും സൽസ്വഭാവവും വിധിയിൽ സംതൃപ്തിയും തേടുന്നു).

( اللَّهُمَّ زِدْنَا وَلَا تَنْقُصْنَا ، وَأَكْرِمْنَا وَلَا تُهِنَّا ، وَأَعْطِنَـا وَلَا تَحْرِمْنَا ، وَآثِرْنَا وَلَا تُؤْثِرْ عَلَيْنَا )

(അല്ലാഹുവേ, നീ ഞങ്ങൾക്ക് വർദ്ധിപ്പിച്ച് തരേ ണമേ! നീ ഞങ്ങൾക്ക് ചുരുക്കിക്കളയരുതേ! നീ ഞങ്ങ ൾക്ക് ആദരവ് നൽകേണമേ! ഞങ്ങളെ നീ നിന്ദിക്കരുതേ! നീ ഞങ്ങൾക്ക് നൽകേണമേ! ഞങ്ങൾക്ക് നൽകാതിരി

ക്കരുതേ! നീ ഞങ്ങൾക്ക് മുൻഗണന നൽകേണമേ! ഞങ്ങൾക്കെതിരിൽ മുൻഗണന നൽകരുതേ! )

( اللَّهُمَّ أَحْسِنْ عَاقِبَتَنَا فِي الْأُمُورِ كُلِّهَا ، وَأَجِرْنَـا مِـنْ خِزْيِ الدُّنْيَا وَعَذَابِ الْآخِرَةِ )

(അല്ലാഹുവേ, എല്ലാ കാര്യങ്ങളിലും ഞങ്ങളുടെ അന്ത്യഫലം നന്നാക്കേണമേ! ഐഹിക ലോകത്തിലെ നിന്ദ്യതയിൽ നിന്നും പാരത്രിക ലോകത്തിലെ ശിക്ഷയിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കേണമേ!)

( اللَّهُمَّ اقْسِمْ لَنَا مِنْ خَشْـيَتِكَ مَـا يَحُـولُ بَيْنَنَـا وَبَـيْنَ مَعَاصِيكَ ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَـكَ ، وَمِـنْ

الْيَقِينِ مَا تُهَـوِّنُ بِـهِ عَلَيْنَـا مُصِـيبَاتِ الـدُّنْيَا ، وَمَتِّعْنَـا بِأَسْمَاعِنَا وَأَبْصَارِنَا وَقُوَّتِنَا مَا أَحْيَيْتَنَا ، وَاجْعَلْهُ الْوَارِثَ مِنَّا ، وَاجْعَلْ ثَأْرَنَا عَلَى مَنْ ظَلَمَنَا ، وَانْصُرْنَا عَلَى مَـنْ عَادَانَا ، وَلَا تَجْعَلْ مُصِيبَتَنَا فِي دِينِنَا ، وَلَا تَجْعَلْ الـدُّنْيَا أَكْبَرَ هَمِّنَا وَلَا مَبْلَغَ عِلْمِنَـا ، وَلَا تُسَـلِّطْ عَلَيْنَـا مَـنْ لَا يَرْحَمُنَا )

(അല്ലാഹുവേ, ഞങ്ങൾക്കും നിന്നെ ധിക്കരി ക്കുന്നതിനുമിടയിൽ മറയിടുന്ന വിധമുള്ള ഭയഭക്തി നൽകിയും, ഞങ്ങളെ സ്വർഗത്തിലെത്തിക്കും വിധം നിന്നോട് കീഴ്‌വണക്കമുള്ളവരാക്കിയും, ഐഹിക ജീവിതത്തിലെ പരീക്ഷണങ്ങൾ

നിസ്സാരമാക്കുന്ന ദൃഢവിശ്വാസം പ്രദാനം ചെയ്തും ഞങ്ങളെ കടാക്ഷിക്കേണേ. അല്ലാഹുവേ ഞങ്ങളെ നീ ജീവിപ്പിക്കുന്ന കാലമത്രയും ഞങ്ങളുടെ കേൾവിയും കാഴ്ചയും ആരോഗ്യവുമെല്ലാം പ്രയോജന പ്രദമാക്കുകയും അവയെ ഞങ്ങളുടെ അനന്തരമാക്കു കയും ചെയ്യേണമേ. ഞങ്ങളെ അക്രമിച്ചവരോട് ഞങ്ങ ളുടെ പ്രതികാരമെടുക്കണേ. ഞങ്ങളെ ദ്രോഹിച്ചവർക്കെ തിരെ ഞങ്ങളെ നീ സഹായിക്കേണേ. ഞങ്ങളുടെ മതകാര്യത്തിൽ ഞങ്ങൾക്ക് ഒരു പരീക്ഷണവും നൽകരുതേ. ഐഹികജീവിതത്തെ ഞങ്ങളുടെ മുഖ്യചിന്തയോ അറിവിന്റെ ലക്ഷ്യമോ

ആക്കരുതേ. നിന്നെ ഭയപ്പെടാത്തവർക്കും ഞങ്ങളോട് കനിവ് കാണിക്കാത്തവർക്കും ഞങ്ങളുടെ മേൽ ആധിപത്യം നൽകരുതേ)

( اللَّهُــمَّ إِنِّي أَسْــأَلُكَ مُوجِبَــاتِ رَحْمَتِــكَ، وَعَــزَائِمَ مَغْفِرَتِكَ، وَالْغَنِيمَةَ مِنْ كُلِّ بِرٍّ، وَالسَّلَامَةَ مِنْ كُلِّ إِثْمٍ، وَالْفَوْزَ بِالْجَنَّةِ وَالنَّجَاةَ مِنَ النَّارِ )

(അല്ലാഹുവേ, നിന്റെ കാരുണ്യം അനിവാര്യമാക്കുന്ന കാര്യങ്ങളും നിന്റെ പാപമുക്തി നിർബന്ധമാക്കുന്ന കാര്യങ്ങളും എല്ലാ നന്മയുടെ ലബ്ധിയും എല്ലാ തിന്മകളിൽ നിന്നുമുള്ള രക്ഷയും

സ്വർഗപ്രാപ്തിയും നരകവിമുക്തിയും ഞാൻ നിന്നോട് തേടുന്നു).

( اللَّهُمَّ لَا تَدَعْ لَنَا ذَنْباً إِلَّا غَفَرْتَهُ ، وَلَا عَيْباً إِلَّا سَتَرْتَهُ ، وَلَا هَمّاً إِلَّا فَرَّجْتَهُ ، وَلَا دَيْناً إِلَّا قَضَيْتَهُ ، وَلَا حَاجَةً مِنْ حَوَائِجِ الدُّنْيَا وَالْآخِرَةِ هِيَ لَكَ رِضاً وَلَنَا فِيهَا صَلَاحٌ إِلَّا قَضَيْتَهَا يَا أَرْحَمَ الرَّاحِمِينَ )

(അല്ലാഹുവേ, ഞങ്ങളുടെ ഒരു പാപത്തെയും നീ പൊറുക്കാതെ വിടരുതേ! ഒരു മനോദുഖ:ത്തെ യും നീ നീക്കാതിരിക്കരുതേ! ഒരു കടവും നീ വീട്ടാതിരിക്കരുതേ! നിനക്ക് ഇഷ്ടകരവും ഞങ്ങൾക്ക് പ്രയോജനകരവുമായ, ഐഹികവും

പാരത്രികവുമായ ആവശ്യങ്ങളിൽ ഒരാവശ്യവും കാരുണ്യവാന്മാരിൽ പരമകാരുണികനേ നീ നിവൃത്തിച്ചു തരാതിരിക്കരുതേ!

( اللَّهُمَّ إِنِّي أَسْأَلُكَ رَحْمَةً مِنْ عِنْدِكَ تَهْدِي بِهَا قَلْبِي ، وَتَجْمَعُ بِهَا أَمْرِي ، وَتَلُمُّ بِهَا شَعَثِي ، وَتُصْلِحُ بِهَا غَائِبِي ، وَتَرْفَعُ بِهَا شَاهِدِي ، وَتُزَكِّي بِهَا عَمَلِي ، وَتُلْهِمُنِي بِهَا رُشْدِي ، وَتَرُدُّ بِهَا أُلْفَتِي ، وَتَعْصِمُنِي بِهَا مِنْ كُلِّ سُوءٍ)

(അല്ലാഹുവേ, നിന്റെ കാരുണ്യം ഞാൻ തേടുന്നു. അതുവഴി നീ എന്റെ ഹൃദയത്തെ മാർഗദർശനം ചെയ്യുകയും, എന്റെ കാര്യത്തെ ഒരുമിച്ചുകൂട്ടുകയും, വിട്ടുപോയതിനെ

ചേർക്കു കയും, എന്നിൽ നിന്ന് മറഞ്ഞു പോയതിനെ സൂക്ഷിക്കുകയും എന്റെ കൺമുമ്പിലുള്ളതിനെ ഉയർത്തുകയും എന്റെ മുഖത്തെ പ്രസന്നമാക്കു കയും എന്റെ കർമത്തെ സംസ്കരിക്കുകയും, എനിക്ക് നേർവഴി തോന്നിച്ചുതരികയും, എന്നിൽ നിന്ന് വിപത്തുകളെ തടുക്കുകയും എല്ലാ തിന്മകളിൽ നിന്നും നീ എനി ക്ക് പരിരക്ഷ നൽകുകയും ചെയ്യേണമേ!)

( اللَّهُـمَّ إِنِّي أَسْـأَلُكَ الْفَـوْزَ يَـوْمَ الْقَضَـاءِ ، وَعَـيْشَ السُّعَدَاءِ وَمَنْزِلَ الشُّهَدَاءِ، وَمُرَافَقَةَ الْأَنْبِيَاءِ وَالنَّصْرَ عَلَى الْأَعْدَاءِ )

(അല്ലാഹുവേ, വിധിദിനത്തിൽ വിജയവും സൗഭാഗ്യവാന്മാരുടെ ജീവിതവും രക്തസാക്ഷിക ളുടെ സ്ഥാനവും പ്രവാചകന്മാരോടൊപ്പമുള്ള സഹവാസവും ശത്രുക്കൾക്കെതിരിൽ സഹായവും ഞാൻ നിന്നോട് തേടുന്നു).

( اللَّهُمَّ إِنِّي أَسْأَلُكَ صِحَّةَ إِيمَانٍ ، وَإِيمَانًا فِي خُلُقٍ حَسَنٍ ، وَنَجَاحًا يَتْبَعُهُ فَلَاحٌ ، وَرَحْمَةً مِنْكَ ، وَعَافِيَةً وَمَغْفِرَةً مِنْكَ وَرِضْوَانًا )

(അല്ലാഹുവേ, ഞാൻ നിന്നോട് വിശ്വാസത്തിലെ സുബദ്ധതയും സൽസ്വഭാവ നിർഭരമായ വിശ്വാസവും നിരന്തരമായ വിജയവും നിന്റെ

കാരുണ്യവും സൗഖ്യവും പാപമുക്തിയും സംപ്രീതിയും തേടുന്നു).

( اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ نَفْسِي ، وَمِنْ شَرِّ كُلِّ دَابَّةٍ أَنْتَ آخِذٌ بِنَاصِيَتِهَا ، إِنَّ رَبِّي عَلَى صِرَاطٍ مُسْتَقِيمٍ )

(അല്ലാഹുവേ, ഞാൻ എന്റെ മനസ്സിന്റെ തിന്മയിൽ നിന്നും എല്ലാ ജീവികളുടെ തിന്മയിൽ നിന്നും നിന്നോട് അഭയം തേടുന്നു. അവയെല്ലാം നിന്റെ നിയന്ത്രണത്തിലു ള്ളതാണല്ലോ നിശ്ചയം, എന്റെ നാഥൻ നേർമാർഗത്തിലാണ്).

( اللَّهُمَّ إِنَّكَ تَسْمَعُ كَلاَمِي ، وَتَرَى مَكَانِي ، وَتَعْلَمُ سِرِّي وَعَلاَنِيَتِي ، وَلاَ يَخْفَى عَلَيْكَ شَيْءٌ مِنْ أَمْرِي ،

وَأَنَا الْبَائِسُ الْفَقِيرُ ، الْمُسْتَغِيثُ الْمُسْتَجِيرُ ، الْوَجِلُ الْمُشْفِقُ ، الْمُقِرُّ الْمُعْتَرِفُ إِلَيْكَ بِذَنْبِهِ ، أَسْأَلُكَ مَسْأَلَةَ الْمِسْكِينِ ، وَأَبْتَهِلُ إِلَيْكَ إِبْتِهَالَ الْمُذْنِبِ الذَّلِيلِ ، وَأَدْعُوكَ دُعَاءَ الْخَائِفِ الضَّرِيرِ ، دُعَاءَ مَنْ خَضَعَتْ لَكَ رَقَبَتُهُ ، وَذُلَّ لَكَ جِسْمُهُ ، وَرَغِمَ لَكَ أَنْفُهُ )

(അല്ലാഹുവേ, നീ എന്റെ വാക്കുകൾ കേൾക്കു ന്നു. എന്റെ സ്ഥാനം കാണുന്നു. എന്റെ രഹസ്യവും പരസ്യവും നീ അറിയുന്നു. എന്റെ കാര്യത്തിൽ ഒന്നും നിനക്ക് അവ്യക്തമല്ല. ഞാൻ പാവവും സാധുവുമാണ്. സഹായം അർഥിക്കുന്നവനും അഭയം തേടുന്നവനുമാണ്. ഭയവിഹ്വലനും

എന്റെ പാപങ്ങൾ നിന്നോട് സമ്മതിച്ചു പറയുന്നവനുമാണ്. അഗതിയുടെ യാചനയാണ് ഞാൻ നിന്നോട് നടത്തുന്നത്. പാപിയും നിന്ദ്യനുമായ ആളുടെ അർഥനയാണ് ഞാൻ നിന്നോട് നടത്തുന്നത്. അന്ധ നായ ഭീതിതന്റെ വിളിയാണ് ഞാൻ നിന്നോട് നടത്തുന്നത്. നിനക്ക് പിരടി കീഴ്പെട്ടവന്റെയും താഴ്മകാണിച്ചവന്റെയും വിനയാന്വിതന്റെയും വിളി)

وَصَلَّى اللّٰهُ عَلَى نَبِيِّنَا مُحَمَّدٍ، وَعَلَى آلِهِ وَصَحْبِهِ أَجْمَعِينَ

*********